പുസ്തകം ൧൦.　　　　ലക്കം ൧.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ

Jan

# വിഷയ വിവരണിക.


1. മംഗളം.
   ശ്രീമാൻ തെക്കുംമൂട്ടിൽ വറുഗീസുമാപ്പിള.
2. നവവത്സരം.
3. കുറിപ്പുകളും അഭിപ്രായങ്ങളും.
4. ദനഹാ അഥവാ രാക്കുളിത്തിരുനാൾ.
   റെവ: ഫാദർ ഫില്ലാഗ്യോൻ സി. ഡി.
5. ക്രിസ്തുമസ് ചോദ്യോത്തരം.
   ശ്രീമാൻ സി. അന്തപ്പായി ബി. ഏ.
6. വേദപുസ്തക പാരായണം.
   റെവ: ഫാദർ അലക്സാണ്ടർ സി. ഡി.
7. ആപൽക്കരമായ "നന്മനിറഞ്ഞ മറിയം."
   ശ്രീമാൻ കെ. ജെ. അബ്രാഹം ബി. ഏ; എൽ. റി.
8. ഒരു വാസ്തവ കഥ.
   റെവ; ഫാദർ ജോൺ പാലോക്കാരൻ ബി. ഏ.
9. യുദ്ധത്തിന്റെ സത്ഫലങ്ങളിൽ ഒന്ന്.
10. ഏലിയാമ്മ അഥവാ ദൈവപരിപാലനം.
    ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ.
11. തിരുഹൃദയ പൊതുനിയോഗം.
12. മാന്നാനത്തിലെ വി. യൌസേപ്പുപിതാവ്.
13. വൃത്താന്തശകലങ്ങൾ.
14. ചരമവാർത്തകൾ.

പഞ്ചാംഗം.



പരിശുദ്ധ പിതാവ് ൧൫-ാം ബെനദിക്തോസ്
മാപ്പാപ്പാ തിരുമനസ്സുകൊണ്ട്.

# കർമ്മെലകുസുമം

പുസ്തകം ൧൦ — ൧൯൧൯ ജനുവരി. — ലക്കം ൧.

## മംഗളം.

ബാല്യാരിഷ്ടത തീൎന്ന് "കർമ്മെലസുമം" ശോഭിച്ചുകാണുന്നിതാ
കല്യാഭിജ്ഞർ പുകഴ്ത്തിടും കൃതികളാൽ സംഫുല്ലപുഷ്പോപമം
തുല്യാപേത ഗുണാഢ്യയായ് "സുമ"മിതേമട്ടിതുസ്സദാ കണ്ടിടാൻ
കല്യാണം കനിവാളുമേശുമിശിഹാ നൽകീടുമാറാകണം!

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

# നവവത്സരം.

ആയിരത്തിത്തൊള്ളായിരത്തിപതിനെട്ടിലെ അവസാനദിന സൂൎയ്യൻ ഇന്നലെ സന്ധ്യയോടെ പശ്ചിമാംബുധിയിൽ ചെന്നു മുങ്ങിയിരിക്കുന്നു. ദൈവത്തിൻെറ അത്യുന്നത ബലിപീഠമായ ആകാശമണ്ഡലത്തിലെ മെഴുകുതിരികളാകുന്ന നക്ഷത്രങ്ങൾ ഇന്നലെ രാത്രിയിലും തിളങ്ങിപ്രകാശിച്ചു. ആ സമയംവരെ ജനങ്ങൾ പരസ്യമായും രഹസ്യമായും ചെയ്തു സകല പ്രവൃത്തികളും നിത്യജീവൻെറ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. അവയുടെ ഗുണദോഷഫലങ്ങളനുസരിച്ചു വിധിദിവസത്തിൽ സമ്മാനമോ ശിക്ഷയോ ഉണ്ടാകുന്നതുമാണ്.

കഴിഞ്ഞ പന്ത്രണ്ടുമാസക്കാലത്തിനിടയ്ക്കു നാം ഏതെല്ലാം വിധത്തിൽ തെറ്റുകൾ ചെയ്തിട്ടുണ്ട്? അവയെപ്പററി അനുതപിക്കുന്നതിനേ ഇനി നിവൃത്തിയുള്ളു. നമ്മുടെ പാപങ്ങളെ ക്ഷമാപൂൎവ്വം പൊറുത്ത്, നവിനനന്മകളെ വൎഷിച്ച്, നമ്മെ അനുഗ്രഹിച്ച ദൈവത്തോടു കൃതജ്ഞതയുള്ളവരായിരിക്കയാണ് നമ്മുടെ ധൎമ്മം. നാലിൽപരംവൎഷങ്ങളായിട്ടു അതിഭയങ്കരമാംവണ്ണം നടന്നുകൊണ്ടിരുന്ന ആധുനികയുദ്ധംമൂലം ലോകമാസകലം താപക്രൂപത്തിൽ കിടന്നുഴന്നു വരവേ, സജനങ്ങളുടെ അനുതാപത്തെദൎശിച്ചുകൊണ്ട് ദൈവം സമാധാനപിയൂഷത്തെ വൎഷിച്ചതു് ഇക്കഴിഞ്ഞവൎഷത്തിലാണല്ലൊ. വലിയ അഗ്നിപൎവ്വതത്തിൽനിന്നും നിൎഗ്ഗമിക്കുന്ന വിഷദ്രാവകങ്ങളുടെ പ്രവാഹം ശമിച്ചാലും തപ്തിശപാസികളുടെ നിർബാധമായ അധിവാസത്തിനു സാധാരണമാ

യി കാലതാമസം വേണ്ടിവരാതിരിക്കയില്ല. അപ്രകാരം സമാധാനപ്രഖ്യാപനം ചെയ്യുകഴിഞ്ഞെങ്കിലും, യുദ്ധത്തിൻെറ അനന്തരഗാമികളായ ക്ഷാമം, ദാരിദ്ര്യം, സാമാനങ്ങളുടെ ക്രമാതീതമായ വിലക്കൂടുതൽ എന്നിത്യാദി ദുർദ്ദേവതകളുടെ സ്വഛന്ദമായ വിളയാട്ടം കാണുമ്പോൾ ഭാവിയെപ്പററി പലക്കും ഭയവും ദുഃഖവും തോന്നാവുന്നതാണ്. പക്ഷെ അതിനാവശ്യമില്ലെന്നു സ്വല്പം ആലോചിച്ചാലറിയാം. എന്തെന്നാൽ നവവത്സരവും, ദയാനിധിയായ സർവ്വേശ്വരൻെറ— സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിൻെറ— പരിപാലനാധീനമാകയാൽ നമുക്ക് യാതൊന്നുകൊണ്ടും ഭയപ്പെടുവാനില്ല. കഴിഞ്ഞ വർഷത്തിൽ നമ്മുടെ പിതാവായിരുന്ന ദൈവം ഇക്കൊല്ലത്തിലും നമ്മുടെ പിതാവുതന്നെ, സംശയമില്ല.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങേ തിരുനാമം പരിശുദ്ധമാകണം. അതേ, അജ്ഞാനാന്ധകാരത്തിലും വിഗ്രഹാരാധനയിലും വസിക്കുന്നവരുടെ ഇടയിൽ എന്നപോലെതന്നെ അഃങ്ങ പരിശുദ്ധ മതത്തിൻെറ പാരമാർത്ഥ്യത്തെപ്പററി കേട്ടിട്ടും വിചിന്തനം ചെയ്യുകയോ, അതു സ്വീകരിക്കയൊ ചെയ്യാത്തവരുടെ ഇടയിലും, അങ്ങേ നാമം അനുഗ്രഹത്തിൻെറയും സത്യത്തിൻെറയും പൎയ്യായമാകുന്നതിനു ഇടയാകണമെ. മ്ശിഹായുടെ നാമത്തെ അപേക്ഷിച്ചു ലോകത്തിൻെറ പേരാണ് മാധുൎയ്യമുള്ളതെന്നു വിചാരിച്ചുവരുന്നവരുടെ അന്ധതയെ നിവാരണംചെയ്യണമെ. ഭൂമിയിലുള്ള എല്ലാ ജാതികളുടെയിടയിലും എല്ലാ മനുഷ്യരുടെ ഹൃദയങ്ങളിലും, നീതിയുടേയും കത്തോലിക്കാ തിരുസഭയുടെയും രാജ്യം വരുമാറാകട്ടെ. ഇന്നും എല്ലാദിവസവും അനുദിനഭോജനത്തെ ഞങ്ങൾക്കു ദാനംചെയ്യു. ധാന്യങ്ങളുടെ സമൃദ്ധമായ വിളവിനായിട്ടു മഴയും വെയിലും തരിക. അനാഥകളുടെയും അഗതികളുടെയും നിസ്സഹായന്മാരുടെയും നേരെ ധനവാന്മാൎക്ക് അനുകമ്പയും ഔദാൎയ്യവും ഉണ്ടാവട്ടെ. ഇതിനായിട്ടല്ലയോ ഈ നവവത്സരാരംഭത്തിൽ നാം പ്രാൎത്ഥിക്കേണ്ടതു്? ഇതിനായിട്ടല്ലയോ ഈ വത്സരത്തിൽ എല്ലാ ഉത്തമ കത്തോലിക്കരും പരിശ്രമിക്കേണ്ടതു്? ഈദൃശഗുണങ്ങളെന്നുമാത്രമല്ല, നാനാമുഖങ്ങളായ സൎവ്വമംഗളങ്ങളും മാന്യകുസുമമിത്രങ്ങൾക്കേവക്കും ഉണ്ടാകുന്നതിനു ജഗദീശ്വരനെ പ്രാൎത്ഥിച്ചുകൊള്ളുന്നു.

## കുറിപ്പുകളും അഭിപ്രായങ്ങളും.

### മാൎത്തോമ്മാദിനം.

നമ്മുടെ പ്രത്യേക പിതാവായ വിശുദ്ധ തോമ്മാ ശ്ലീഹായുടെ "ദുക്റാനാ"ദിവസത്തെ കേരളീയ ക്രിസ്ത്യാനികൾ ഒരു ദേശ്യാഘോഷ ദിവസമാക്കണമെന്ന് "നസ്രാണി ദീപിക"യിൽ ഒരാൾ എഴുതുകയും പാലായിൽ ഒരിക്കൽ ഒരു ആഘോഷം നടക്കുകയുംചെയ്യുതായി ഞങ്ങൾ ഓൎക്കുന്നുണ്ടു്. അതിൽ കൂടുതലായി ഇതു സംബന്ധിച്ച് ഒന്നുംതന്നെ നടന്നതായി അറിവില്ല. പക്ഷെ ഈ സംഗതി സമുദായപ്രമാണികളുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ട ഒന്നാണ്. എല്ലാദേശക്കാൎക്കും ജാതികൾക്കും ഈദൃശദിവസങ്ങൾ ഉള്ളതാണല്ലൊ. എല്ലാ ക്രിസ്തീയവകുപ്പുകാൎക്കും ആഘോഷിക്കാവുന്ന ഒരു സുദിനമാണ് "മാൎത്തോമ്മാദിനം." കേരളത്തിൽ ക്രിസ്ത്യാനികളുടെവകയായി അനേകസ്കൂളുകളും സംഘങ്ങളും ഉണ്ടല്ലൊ. ഇതുകളിലെങ്കിലും "മാൎത്തോമ്മാദിന"ത്തെ ഒരു ദേശ്യാഘോഷമായി കൊണ്ടാടുന്നതു് എത്രയും സന്ദൎഭോചിതമായിരിക്കും. സമാജങ്ങളുടെയും ഘോഷയാത്രകളുടെയും ശതാബ്ദമല്ലേ ഇതു്? ഞങ്ങൾ ഇത്രയും ഇപ്പോൾ പ്രസ്താവിച്ചതു്, "ശെൻ്റ്ഗ്വാർ ദിവസ"മെന്നു ഒരു മഹാമഹം ബോംബെ, മംഗ

ലാപുരം എന്നീ സ്ഥലങ്ങളിൽ തത്ഭിഗപാസികൾ ആഘോഷിക്കുന്നതായി അറിഞ്ഞതുകൊണ്ടാണ്.

### വിജയം.

ഭാരതീയ കത്തോലിക്കരുടെ ഇടയിൽ സാഹിത്യപരിശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ട്, നിശ്ചിതവിഷയങ്ങളെപ്പററി എഴുതുന്ന ഉപന്യാസങ്ങളിൽ ഉത്തമമായിട്ടുള്ളതിന് മുപ്പതു രൂപാ സമ്മാനം നൽകപ്പെടുന്നതാണെന്നു ബോംബേ "തിരുഹൃദയദൂതൻ" എന്ന മാസിക കുറേ മാസങ്ങൾക്കു മുമ്പു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നും പലേ വിദ്വാന്മാരും ഉപന്യാസങ്ങൾ എഴുതി അയച്ചു. സാഹിത്യപരിശോധകന്മാരുടെ അഭിപ്രായത്തിൽ ആറ് ഉപന്യാസങ്ങൾ മിക്കവാറും സമ്മാനാർഹങ്ങളായിട്ടുണ്ടായിരുന്നു. റവ. ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. ഏ. അവർകളുടേതായിരുന്ന ഇവയിലെല്ലാം ഒരു പടികൂടി കയറി നിന്നത്. ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ഈ നാലു മാസങ്ങളിലേയാവട്ടെ സമ്മാനങ്ങൾക്ക് അർഹീഭവിച്ചത് ഒരു മാതൃകാകത്തോലിക്കനായ പ്രൊഫസർ മിസ്റ്റർ സി. ജെ. വക്കി എം. ഏ. ആണ്. ഇതുവരെയുള്ള അഞ്ചു സമ്മാനങ്ങളും, കേരളീയ കത്തോലിക്കർക്കാണ് ലഭിച്ചതെന്നുള്ളത് നമുക്ക് എത്രയോ ചാരിതാർത്ഥ്യജനകമാണ്. ഫാദർ ജോസഫ് അവർകളേയും പ്രൊഫസർ മിസ്റ്റർ വക്കിയേയും ഞങ്ങൾ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

### ഭഗീരഥപ്രയത്നംകൊണ്ടേ സാധിക്കൂ.

ലണ്ടനിൽ ഈയിടെ "തത്വബോധകസംഘം" എന്ന് ഒരു പുതിയ സമാജം സ്ഥാപിച്ചിരിക്കുന്നു. ഈ സംഘത്തിൽ റവറണ്ട് ഫാദർ മാക്ക് നാബ് ഒ. പി. ഇങ്ങനെ പ്രസ്താവിക്കയുണ്ടായി. ഇംഗ്ലണ്ടിലുംവെയിത്സിലുംകൂടി ൩൬,൦൦൦,൦൦൦ ജനങ്ങളാണുള്ളത്. ഇവരിൽ൧,൯൦൦,൦൦൦ പേരെ മാനസാന്തരപ്പെടുത്തുന്നതിന് ൪൦൦൦ വൈദികരുണ്ട്. ഇവർ എല്ലാവരും മതപ്രചാരണത്തിനു വേണ്ടി ജോലി ചെയ്യുന്നതായാലും പ്രതിവർഷം ഒരാൾ ൨൫൦൦ ആളുകളെ മാനസാന്തരപ്പെടുത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷത്തിലാവട്ടെ, ആകപ്പാടേ ൨൫൦൦ ജനങ്ങൾ മാത്രമേ തിരുസഭയിൽ ചേർന്നിട്ടുള്ളു. ഈ കണക്കനുസരിച്ച് നോക്കുന്നതായാൽ ഇംഗ്ലണ്ടും വെയിൽസും മാനസാന്തരപ്പെടണമെങ്കിൽ ൫൦൦ വത്സരങ്ങൾ വേണ്ടിവരും. അതുകൊണ്ടു വൈദികരും ലൌകികരും ഏകോപിച്ചു മതപ്രചാരണവിഷയത്തിൽ പൂർവ്വാധികം ശ്രദ്ധ വക്കേണ്ടത് എത്രയും അത്യാവശ്യമാണെന്നു അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ഇനി നമ്മുടെ ഭാരതത്തിലെ ഏതദ്വിഷയകമായ അവസ്ഥയെങ്ങനെ ആയിരിക്കുമെന്നറിവാൻ വായനക്കാർക്കു കൌതുകമുണ്ടാകാതിരിക്കയില്ലല്ലോ.

### അറിയേണ്ടതാണ്.

ഇന്ത്യയിൽ ആകെ ൩൧൫,൦൦൦,൦൦൦ ജനങ്ങളുണ്ട്. ഇവരുടെ വിഭാഗം താഴെകാണുന്ന വിധത്തിലാണ്:—

| | |
|---|---|
| ഹിന്തുക്കൾ, | ൨൧൭,൦൦൦,൦൦൦ |
| മഹമ്മദന്മാർ, | ൬൬,൦൦൦,൦൦൦ |
| ബുദ്ധമതക്കാർ, | ൧൦,൦൦൦,൦൦൦ |
| ആനിമിസ്റ്റുകാർ, | ൧൦,൦൦൦,൦൦൦ |
| സിക്കമതസ്ഥർ, | ൩,൦൦൦,൦൦൦ |
| ജൈനമതക്കാർ, | ൧,൦൦൦,൦൦൦ |
| യൂദന്മാർ, | ൨൦൦,൦൦൦ |
| വിവിധമതക്കാർ, | ൨,൦൦൦,൦൦൦ |

ഇങ്ങനെ ആകെ ൩൧൧,൦൦൦,൦൦൦ ക്രൈസ്തവേതരന്മാരുണ്ട്. ബാക്കിയുള്ളവരിൽ ൧൬൦൦,൦൦൦ പേർ പ്രോട്ടസ്റ്റൻറുകാരാണ്. കത്തോലിക്കർ ൨,൬൦൦,൦൦൦ മാത്രമേയുള്ളു. അതിനാൽ ഇനി ൩൧൧൦൦൦൦൦൦ ഭാരതീയരെ നാം മാനസാന്തരപ്പെടുത്തേണ്ടിയിരിക്കുന്നു! അതേ, മുപ്പത്തൊന്നുകോടി ഒരു ലക്ഷം ജനങ്ങളെ ക്രിസ്തുമതത്തിൽ ചേർക്കുന്നതിന് ഇരുപത്താറു ലക്ഷം കത്തോലിക്കരേയുള്ളു. ഇക്കണക്കനുസരിച്ച് ആയിരം ജനങ്ങളൊന്നിച്ചു നിൽക്കുന്ന ഒരു സ്ഥലത്ത് എട്ടു കത്തോലിക്കർ കാണും; അഥവാ ൧൨൫ പേർക്ക് ഒരു ക

ത്തോലിക്കൻ വീതം. എന്താ തരക്കേട്ടുണ്ടോ? ഉണരുവിൻ, ഉദ്യമിപ്പിൻ, കത്തോലിക്ക മഹാജനങ്ങളേ! ഈ പരിതാപകരാവസ്ഥയെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഇൻഡ്യായുടെ മാനസാന്തരം! ഈ മഹത്തായ ഉദ്യമത്തിനു ഇന്നുതന്നെ ആരംഭിക്കുക. പ്രതിദിനം ഒരു "നന്മനിറഞ്ഞമറിയമെ" എന്ന നമസ്കാരം മതിയാവും തൽക്കാലം. "മ്ശിഹായുടെ തിരുഹൃദയമേ, ഇൻഡ്യയുടെമേൽ അനുഗ്രഹിക്കണമെ; അമലോത്ഭവകന്യകേ, ഇൻഡ്യയുടെ മാനസാന്തരത്തിനുവേണ്ടിപ്രാർത്ഥിക്കണമെ; ഇൻഡ്യയുടെ ശ്ലീഷന്മാരായ മാർ തോമ്മായേ, വി. ശൌര്യാരേ ഇൻഡ്യയുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കണമെ.

## 'ദനഹാ' അഥവാ രാക്കുളിത്തിരുനാൾ.

ജനുവരിമാസം ആറാം തീയതി തിരുസഭ ഘോഷിക്കുന്ന ദെനഹാ തിരുനാളിനെപ്പററി കേട്ടിട്ടില്ലാത്ത വിശ്വാസികൾ കാണുകയില്ല. മൂന്നാം ശതാബ്ദത്തിൻെറ ആരംഭഘട്ടത്തിൽതന്നെ കിഴക്കൻ റീത്തുകാരുടെ ഇടയിൽ ഈ തിരുനാൾ പ്രചാരത്തിലിരുന്നിരുന്നു. "ദെനഹാ, എപ്പിഫനി" എന്ന പദങ്ങൾക്കു പ്രകാശം, വെട്ടം, പ്രദശ്നം എന്നെല്ലാമാണ് അത്ഥം. അതനുസരിച്ച് പ്രകാശനത്തിരുനാൾ, പ്രദശ്നത്തിരുനാൾ, സ്നാനത്തിരുനാൾ ആദിയായ പേരുകൾ ഉണ്ടായിട്ടുമുണ്ട്. മാനുഷനായി അവതരിച്ച മ്ശിഹായുടെ പിറവി, ജ്ഞാനസ്നാനം, കാനായിലെ പ്രത്യക്ഷം, 'അജ്ഞാന'രാജാക്കന്മാരുടെ ദശനം, മുതലായ സംഭവങ്ങളുടെ സ്മരണക്കായിട്ടാണ് ഈ തിരുനാൾ ആഘോഷിച്ചുവന്നത്. പൌരസ്ത്യ സഭയിലെ ക്രമപ്പുസ്തകങ്ങളിലും, കാനോനാപുസ്തകങ്ങളിലും പ്രത്യേകമായി സൂചിപ്പിച്ചിരിക്കുന്നത് യോർദനാൻ നദിയിലെ മ്ശിഹായുടെ ജ്ഞാനസ്നാനത്തെയാണ്. ഇതിൻെറ ഓർമ്മയ്ക്കായിട്ടു അന്നേദിനം ജനങ്ങൾ യോർദനാൻ നദിയിൽ കുളിക്കുകയും തൻമൂലം പ്രത്യേക അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്തിട്ടുള്ളതായി ചരിത്രകാരന്മാർ പറയുന്നുണ്ട്. നമ്മുടെ നാട്ടിൽപോലും, ഇതിനെ അടിസ്ഥാനമാക്കിയെന്നു തോന്നുമാറു് ഈ തിരുനാൾ പ്രമാണിച്ച് രാത്രിയിൽ കുളിച്ചിരുന്നതായി ഒരു ഐതിഹ്യം ഉണ്ട്. എന്നാൽ കാലാന്തരത്തിലുളവായിട്ടുള്ള ചില്ലറ മാററങ്ങൾ കാരണത്താൽ ഇപ്പോൾ തിരുസഭയിൽ പൊതുവിൽ കൊണ്ടാടപ്പെടുന്നതു 'അജ്ഞാന' രാജാക്കന്മാർ മ്ശിഹായെ സന്ദശിച്ചതിൻെറ ഓർമ്മയായിട്ടാണ്. മഹത്തരങ്ങളും വിവിധങ്ങളുമായ സംഭവങ്ങളെ പുരസ്കരിക്കുന്ന ഈ രാക്കുളിത്തിരുനാളിനെപ്പററി വിചിന്തനം ചെയ്യുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

"കിഴക്കു അയാളുടെ നക്ഷത്രം ഞങ്ങൾ കണ്ടു; അദ്ദേഹത്തെ ആരാധിക്കുന്നതിന്നായി ഞങ്ങൾ വന്നിരിക്കുന്നു." ഗോശാലയിൽ സ്ഥിതിചെയ്തിരുന്ന ദിവ്യശിശുവിനെ സന്ദശിക്കുന്നതിനായി അപകടങ്ങൾ നിറഞ്ഞതും പ്രയാസമുള്ളതുമായ വഴിയാത്രകൾ കഴിച്ച് ദൂരദേശങ്ങളിൽനിന്നും യൂദയാരാജ്യത്തേക്ക് ചെന്ന മൂന്നു രാജാക്കന്മാർ ആദ്യമായി അവിടത്തെ നാടുവാഴിയായ ഹേറോദേസിൻെറ പക്കൽ പോകുന്നതിന്നിടയായി. അവിടെവച്ച് അവർ പറഞ്ഞ വാക്യങ്ങളാണ് മേൽ പ്രസ്താവിച്ചിരിക്കുന്നത്. ലോകപരിത്രാണത്തിന്നായി മിശിഹാ ബേസ്ലഹം ഗുഹയിൽ ജാതനായിരിക്കുന്നുവെന്ന സംഗതി "ജ്ഞാനി"കളുടെ വാക്കുകളിൽനിന്നു മനസ്സിലാക്കിയ ആ ക്രൂരരാജനും ഓർശ്ലേം പട്ടണവാസികളും, ഭയാക്രാന്തരായി ഞെട്ടിവിറച്ചുപോയി. എങ്കിലും ഈ യഹൂദപ്രമാണിക

ളിൽ ഒരുവൻപോലും അവരുടെരാജ്യത്തു, പട്ടണത്തിന്നു സമീപം സ്ഥിതിചെയ്തിരുന്ന ദിവ്യശിശുവിനെ കാണുന്നതിന്നുപോലും, ഒരുങ്ങിപ്പുറപ്പെട്ടില്ല. എന്നാൽ കിഴക്കുനിന്നു ദീൎഘപ്രയാണം ചെയ്തുവന്ന മൂന്നു രാജാക്കന്മാർ ബെത്ലഹേമിലേക്കുള്ള അവരുടെ യാത്രയെ തുടൎന്നു്, നിശ്ചിതസ്ഥലത്തു ചെന്നുചേൎന്നു. ദിവ്യ ഉണ്ണി ഒരു തൊഴുക്കൂട്ടിൽകിടക്കുന്നതു കണ്ടു താൻ ആരാണെന്നു ഗ്രഹിച്ചു. സാഷ്ടാംഗം ചെയ്തു് അദ്ദേഹത്തെ ആരാധിച്ചു്, അവരുടെ നിക്ഷേപകുംഭങ്ങൾ തുറന്നു. പൊന്നും കുന്തുരുക്കവും മീറായും സമ്മാനമായി പ്രതിഷ്ഠിച്ച അവരുടെ കാഴ്ചകളെ ദൈവം സ്വീകരിച്ചതിന്റെഫലമായി ദൈവത്തിന്റെ പ്രത്യേക അനുഗ്രഹങ്ങൾ അവൎക്കു ലഭിച്ചു. സന്തോഷപൂരിതരായി സ്വരാജ്യത്തേക്കു മടങ്ങുകയും ചെയ്തു. ഗ്രഹശാസ്ത്രത്തിൽ നിപുണന്മാരായിരുന്ന ഈ ജ്ഞാനികൾ മൂവരും പിന്നീട് സത്യ തിരുസഭയുടെ മക്കൾ ആയിതീരുകയും വന്ദ്യവയോവൃദ്ധദശയിൽ എത്തിയശേഷം ജനുവരി മാസത്തിൽ തന്നെ ഭാഗ്യമായി കൎത്താവിൽ ആശ്വസിക്കയും ചെയ്തു. ഈ രാജാക്കന്മാരുടെ സ്മരണയെ ഉദ്ദേശിച്ചു് പ്രത്യേക തിരുനാളുകൾ തിരുസ്സഭയിൽ ആഘോഷിക്കപ്പെട്ടുവരുന്നുണ്ടു. മേൽപ്രസ്താവിച്ചവയിൽ നിന്നും സാരവത്തായ ചില സംഗതികളെ ഗ്രഹിക്കേണ്ടതാകുന്നു. ദൈവപുത്രനായ മ്ശിഹാ ഈ മൂന്നു രാജാക്കന്മാരെ സ്വീകരിച്ചതിൽ, "പുറ"ജാതിക്കാരോടുപൊതുവിൽതനിക്കുള്ള സ്നേഹത്തേയും, ഹേറോദേസിനേയും മററു യഹൂദപ്രമാണികളേയും, തിരസ്കരിച്ചതിൽ യൂദന്മാരോടു പൊതുവിൽ ഉള്ള അപ്രീതിയേയും പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ കാരണം, ഇസ്രായേൽ ജനത്തിന്റെ പ്രതീക്ഷപ്രകാരവും ദീൎഘദൎശികളുടെ പ്രവചനത്തിന്നനുസരണമായിട്ടും ആണ് കാലങ്ങളുടെ തികവിൽ മ്ശിഹാ ഈ ലോകത്തിൽ പ്രത്യക്ഷനായതു്. ഈ സംഗതി യൂദപ്രമാണികളും ശാസ്ത്രജ്ഞന്മാരും അറിഞ്ഞിരുന്നിട്ടും വിശ്വസിച്ചില്ല. പ്രത്യക്ഷനക്ഷത്രം യൂദായിലും കാണപ്പെട്ടു. അവർ ആദരിച്ചില്ല. അനേകവിധത്തിലുള്ള അനുഗ്രഹങ്ങൾ സൎവ്വേശ്വരൻ ദയവായി അവൎക്കു കൊടുത്തു. എന്നാൽ ഫറവോൻ രാജാവിന്നു സംഭവിച്ചതുപോലെ ദൈവശാപത്തെയാണ് അവർ അൎഹിച്ചതു്. ഇതുവരെയും ദൈവശാപം യൂദജനത്തിൽനിന്നും മാറിയില്ല. ദൈവപ്രകാശനത്തെപ്പററി യാതൊരു ഗന്ധവുമില്ലാത്തവരും അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്നവരുമായ ആ അജ്ഞാനരാജാക്കന്മാർ നക്ഷത്രം പ്രത്യക്ഷമായ ക്ഷണത്തിൽ അതിനെ അനുഗമിച്ചു്. യാത്രയുടെ ദൂരത്തെയാവട്ടെ അപകടങ്ങളെയാവട്ടെ, പ്രയാസങ്ങളെയാവട്ടെ വകവെച്ചില്ല. ഹേറോദേസിന്റെയും ക്രൂരതുടെയും അതൃപ്തിയേയും ഗണ്യമാക്കിയില്ല. ദൈവത്തിന്റെ സ്വരത്തെ അവർ കേട്ടു. അവരെ അനുകരിച്ചുകൊണ്ടു അനേകം "പുറ"ജാതിക്കാർ മിശിഹായിൽ വിശ്വസിച്ചു. ജ്ഞാനസ്നാനപ്പെടുകയും, ദൈവപ്രസാദത്തെയും സ്നേഹത്തേയും ലഭിക്കയുംചെയ്തു. രാജാക്കന്മാരുടെ വിശ്വാസത്തെ അവർ ദിവ്യ ഉണ്ണിക്കു കാഴ്ചയായി സമൎപ്പിച്ച വസ്തുക്കൾ തന്നെ ദൃഢമാക്കുന്നു. പൊന്നു് മ്ശിഹായുടെ രാജത്വത്തേയും, മീറാ, ദൈവികത്വത്തേയും, കുന്തുരുക്കം മാനുഷികത്വത്തേയും സ്പഷ്ടമാക്കുന്നു എന്നു വി. പിതാക്കന്മാർ അഭിപ്രായപ്പെടുന്നു.

ഒരിക്കൽ സ്ലേമ്മോന്റെ കീൎത്തിയും, ശക്തിയും, പരീക്ഷിച്ചറിയുന്നതിന്നായി സാബായുടെ രാജ്ഞി ഓർശ്ലേം പട്ടണത്തിൽ പ്രവേശിച്ചു് വിസ്മയഭരിതയായി മടങ്ങുകയുണ്ടായി. രാജാക്കന്മാരും മ്ശിഹായുമായി നടന്ന കൂടിക്കാഴ്ച മുറിയുടെ ഭംഗി ഒന്നു വേറെ തന്നെയായിരുന്നു. അവിടെ സമൎത്ഥന്മാരായ ശില്പശാസ്ത്രികളുടെ വിദഗ്ധതയും, സാധനങ്ങളുടെ കമനീയത്വവും ഉണ്ടായിരുന്നില്ല. രാജ അരമന; ഒരു പുൽക്കൂട്, സ്വൎണ്ണംകൊണ്ടു മിന്നുന്ന രാജമഞ്ചം; കുറെ വൈക്കോൽ. ദീൎഘകായകന്മാരും ശക്തിമാന്മാരുമായ രാജപരിവാരങ്ങൾക്കു പകരം വേലക്കാരും നിൎദ്ധനരുമായ വി. യൌസേപ്പും, മറിയവും. വീരപരാക്രമികളായ കാവൽ സൈന്യം, ഓരൊ കാളയും

കഴുതയും. നോക്ക് ദൈവശക്തിയുടെ അഗാധമായ വിനയം.

വിദേശിയരായ രാജാക്കന്മാർ നികൃഷ്ടാവസ്ഥയിൽ കിടന്ന ഈ ഉണ്ണിയെ, ദൈവപുത്രനായിട്ടു വിശ്വസിച്ചു ബഹുമാനിക്ക തന്നെ ചെയ്തു. ഈ അർത്ഥത്തിൽ സാബായുടെ രാജ്ഞിയെക്കാൾ വിസ്മയത്തിലും, തൃപ്തിയിലുമാണ് തിരിച്ചുപോയതു എന്നു കാണുന്നു. ഈ വിഷയത്തിൽ നാം ആലോചിക്കേണ്ട വേറൊരു സംഗതി ദൈവകാര്യങ്ങളിൽ യൂദന്മാർ പ്രദർശിപ്പിച്ച അനാസ്ഥയും, അശ്രദ്ധയും ആകുന്നു. രാജാക്കന്മാർക്കു ലഭിച്ച ദൈവാനുഗ്രഹത്തെ അവരുടെ ആത്മാവിന്റെ ഗുണത്തിന്നായിട്ടും, യൂദന്മാർ തങ്ങളുടെ ശാപത്തിന്നായിട്ടും കൈക്കൊണ്ടിരിക്കുന്നു എന്നു തെളിവായി കാണുന്നു. ദുഷ്ടന്മാർക്കും, ശുദ്ധന്മാർക്കുംവേണ്ടി ഒരേവിധത്തിൽ സൂര്യനെ പ്രകാശിപ്പിക്കയും, മഴയെ വർഷിപ്പിക്കയും ചെയ്യുന്ന ദൈവനീതിയും, അനുഗ്രഹവും ഒരേ സംഗതിയിൽ ഏതുവിധത്തിൽ വിളങ്ങുന്നു. നാം യൂദന്മാരെപ്പോലെ ദൈവാനുഗ്രഹത്തിന്മേൽ അശ്രദ്ധന്മാരാകാതെ രാജാക്കന്മാരെപ്പോലെ സൂക്ഷ്മമുള്ളവരായിരിക്കേണ്ടതാണ്. പൊന്ന്, മൊരുൾ, കുന്തുരുക്കം ആദിയായവയെ മ്ശിഹായിക്ക് കാഴ്ചകൊടുത്തതിനോടുകൂടി അവരുടെ ഹൃദയം സ്നേഹത്തിലും, ഭക്തിയിലും ഇന്ദ്രിയനിഗ്രഹത്തിലും ഏതു വിധം കത്തിജ്വലിച്ചുവെന്നു നോക്കുക. ഒരു ശിശുവായി, നിസ്സഹായനായി, ദരിദ്രനായി, വൈക്കോൽ തൊട്ടിയിൽ കിടക്കുന്ന ദിവ്യപുത്രനെ സന്ദർശിക്കുന്നതിന്നായി ബെസ്ലഹേമ്മിലേക്കു നമുക്കു പുറപ്പെടാം. നമ്മുടെ ജ്ഞാനദൃഷ്ടി രാജാക്കന്മാരുടെ നാഥനായ മ്ശിഹായിൽ ഗാഢമായി പതിക്കാം. നമ്മുടെ ഹൃദയം ദൈവസ്നേഹത്തിൽ സ്വർണ്ണംപോലെ വിളങ്ങട്ടെ. സുഗന്ധവർഗ്ഗങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായ കുന്തുരുക്കംപോലെ നമ്മുടെ ഭക്തി വർദ്ധിക്കുന്നതിന്നും, നമ്മുടെ സഹോദരങ്ങളിൽ അതു സന്മാതൃകയായി പ്രകാശിക്കുന്നതിന്നും, അതിന്റെ ഘ്രാണം പ്രാർത്ഥനയായി ദൈവസന്നിധിയിൽ എത്തുന്നതിന്നും ഇടയാകട്ടെ. പാപത്തിന്റെ നീചത്വത്തിൽ നമ്മുടെ ശരീരം മലിനപ്പെടാതെ മീറായിൽ എന്നപോലെ സംരക്ഷിതമായി ഭവിക്കട്ടെ. നമ്മെ സത്യത്തിന്റെ പ്രകാശത്തിലേക്കു ആനയിച്ച ദൈവത്തോടു നമുക്കുള്ള കൃതജ്ഞതയെ ഈ അവസരത്തിൽ പ്രദർശിപ്പിക്കാം. നമ്മുടെ മാർഗ്ഗദർശിയും നായകനും, പിതാവുമായ മാർ തോമ്മാശ്ലീഹായുടെ സ്മരണ നമ്മിൽ സർവ്വദാ ഉണ്ടാകട്ടെ! നമുക്കു കിട്ടിയിരിക്കുന്ന ഭാഗ്യം ദുഷ്പ്രവൃത്തികളെക്കൊണ്ടു നശിപ്പിക്കാതിരിക്കുക. അജ്ഞാനികളുടെ മനസ്സുതിരിവിനുവേണ്ടി സദാ നാം പ്രാർത്ഥിക്കണം. അതിന്നുവേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നതിന്നു ശ്രദ്ധയുള്ളവരായിരിക്കണം. ദൈവാനുഗ്രഹങ്ങളെ നിരസിച്ച യൂദന്മാർക്ക് സംഭവിച്ച ശാപം നമുക്കും ലഭിക്കാതിരിക്കുന്നതിന്നു വേണ്ടുന്ന സഹായം ദൈവത്തോടു നാം പ്രാർത്ഥിക്കയും വേണം.

ഫാദർ ഹില്ലാരേയോൻ സി. ഡി.

## ക്രിസ്തുമസ് ചോദ്യോത്തരം. (തർജ്ജമ.)

ക്രിസ്റ്റ്മസിനേയും അതിന്റെ പ്രാർത്ഥനാക്രമത്തേയും കുറിച്ച് എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്ന സംഗതികൾ—

മിശിഹാ എപ്പോൾ ജനിച്ചു?

ലോകസൃഷ്ടി കഴിഞ്ഞിട്ട് ഏകദേശം ൪൦൦൦ സംവത്സരത്തിന്റെ ശേഷം അഗസ്റ്റസ് ചക്രവർത്തിയുടെ വാഴ്ചയുടെ രണ്ടാംവർഷത്തിൽ.

ക്രിസ്റ്റ്മസ് ദിവസത്തിൽ പട്ടക്കാർ മൂന്നു കുർബ്ബാനകൾ ചൊല്ലുന്നതെന്തിനു?

മിശിഹായുടെ രണ്ടു സ്വാഭാവങ്ങളുടേയും താൻ നമുക്കു നൽകുന്ന പ്രസാദ

ങ്ങളുടേയും വ്യത്യാസങ്ങൾക്കനുസരിച്ച് മിശിഹായുടെ ത്രിവിധ ജനനത്തെ കാണിക്കുവാൻ വേണ്ടിയാകുന്നു.

ഒന്നാമത്തെ കുബ്ബാന ഏതു ജനനത്തെയാണ് നമ്മെ ഓൎമ്മപ്പെടുത്തുന്നത്?

തന്റെ ദിവ്യസ്വഭാവപ്രകാരം സ്വൎഗ്ഗസ്ഥനായ പിതാവിൽനിന്നുള്ള തന്റെ ദിവ്യ ജനനത്തെ അത് നമ്മെ ഓൎമ്മപ്പെടുത്തുന്നു.

രണ്ടാമത്തെ കുബ്ബാനയോ?

തന്റെ മനുഷ്യസ്വഭാവപ്രകാരം കന്യക മറിയയിൽ നിന്നുള്ള മിശിഹായുടെ ലൌകിക ജനനത്തെ ഓൎമ്മപ്പെടുത്തുവാൻ വേണ്ടിയാകുന്നു.

മൂന്നാമത്തേതോ?

തന്റെ വിശുദ്ധ ക്രൂദാശകളാലും വരപ്രസാദത്താലും ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ മിശിഹായുടെ അദ്ധ്യാത്മ ജനനത്തെ ഓൎമ്മപ്പെടുത്തുവാൻ.

ക്രിസ്തുമസ് ദിവസത്തിൽ കുബ്ബാന അൎദ്ധരാത്രി ആയിരിക്കണമെന്ന് തിരുസഭ വെച്ചിട്ടുള്ളതെന്തുകൊണ്ട്?

ഒന്നാമത്, മിശിഹായുടെ അനാദിയായ ജനനം നമുക്ക് രഹസ്യത്തിൽ മറഞ്ഞിരിക്കുന്നു എന്ന് കാണിപ്പാനും; രണ്ടാമത്, മിശിഹാ അൎദ്ധരാത്രി ജനിച്ചതുകൊണ്ടും; മൂന്നാമത്, പ്രകൃതിയുടെ നിയമങ്ങൾക്കനുസരിച്ച് ജീവിച്ചവർ ഇപ്പോഴും അന്ധകാരത്തിൽ നടക്കുന്നു എന്ന് കാണിപ്പാനും, വേണ്ടിയാകുന്നു.

രണ്ടാമത്തെ കുബ്ബാന അതിരാവിലെ സൂൎയ്യോദയത്തിലായിരിക്കുന്നതെന്തുകൊണ്ട്?

ഒന്നാമത്, മോശയുടെ നിയമപ്രകാരം ജീവിച്ചവൎക്ക്, മിശിഹാ ജനനത്തെക്കുറിച്ചറിയിക്കപ്പെട്ടവരായ ആട്ടിടയന്മാരെപ്പോലെ, ദൈവത്തെ സംബന്ധിച്ച് നമുക്കുള്ളതുപോലെ തെളിവായ ജ്ഞാനം ഉണ്ടായിരുന്നില്ലെന്നു കാണിപ്പാനും; രണ്ടാമത്, ശിശുവായി ജനിച്ച മിശിഹായെ ആരാധിക്കുവാൻ ബേത്‌ലഹേമിലേക്ക് ആട്ടിടയന്മാർ വന്നത് ഏകദേശം ഉഷസ്സിൽ ആയിരുന്നതുകൊണ്ടും ആകുന്നു.

മൂന്നാമത്തെ കുബ്ബാന ചൊല്ലുന്നത് നല്ല പകൽ സമയത്തായിരിക്കുന്നതെന്തുകൊണ്ട്?

ഒന്നാമത്, മിശിഹായുടെ ജനനം നമുക്ക് ദൈവജ്ഞാനമാകുന്ന വിശാലമായ വെളിച്ചം നൽകിയിരിക്കുന്നു എന്നും; രണ്ടാമത്, മിശിഹായുടെ അദ്ധ്യാത്മജനനം തന്റെ ജ്ഞാനദായകമായ വരപ്രസാദത്തിന്റെ ശക്തിയിൽ സംഭവിക്കുന്നു എന്നും, കാണിപ്പാനാകുന്നു.

ക്രിസ്തുമസ് ദിവസത്തിൽ പാട്ടുകുബ്ബാനയുടെ ഇടയിൽ "മാനുഷനായിപ്പിറന്നു" എന്ന ഭാഗം പാടുമ്പോൾ പട്ടക്കാരൻ ത്രോണോസിൻ മുമ്പിൽ മുട്ടുകുത്തുന്നതെന്തിന്?

ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന 'വിശ്വാസപ്രകാര'ത്തിന്റെ അംശം ക്രിസ്തുമസ് ദിവസത്തെ വിശേഷാൽ സൂചിപ്പിക്കുന്നതുകൊണ്ടാകുന്നു.

സി. അന്തപ്പായി ബി. എ.

---

## വേദപുസ്തകപാരായണം.

വേദപുസ്തകം, പഴയനിയമം, പുതിയ നിയമം എന്നിങ്ങനെ രണ്ടായിട്ടാണല്ലൊ വിഭജിക്കപ്പെട്ടിരിക്കുന്നത്. ഓരോ ഭാഗങ്ങളിലും വെവ്വേറെയുള്ള പല പുസ്തകങ്ങളും ഉണ്ട്. പഴയ നിയമത്തിൽ നാല്പത്തഞ്ചും പുതിയ നിയമത്തിൽ ഇരുപത്തേഴും പുസ്തകങ്ങളാണുള്ളത്. ഒരു യജമാനൻ പല ഗുമസ്തന്മാരെക്കൊണ്ടു പലമാതിരി ലേഖനങ്ങൾ എഴുതിക്കുന്നതുപോലെ, ദൈവം പല കാലങ്ങളിൽ ജീവിച്ചിരുന്ന ദിവ്യലേഖകന്മാരെക്കൊണ്ടു വേദപുസ്തകം മുഴുവനും ദിവ്യപ്രേരണയാൽ എഴുതിച്ചിട്ടുള്ളതാണ്. ഇപ്രകാരം "ദൈവത്തിന്റെ വചനമാകുന്ന വേദപുസ്തകത്തിന്റെ പ്രധാന ഗ്രന്ഥകൎത്താവ്

ദൈവംതന്നെ ആകയാൽ അതിൽ അസത്യത്തിന്നു പ്രവേശമില്ല. പലരാൽ രചിക്കപ്പെട്ടതും വിസ്താരമേറിയതുമായ വേദഗ്രന്ഥം മുഴുവനും വായിച്ചു അവയിലെ സാരാൎത്ഥം ഗ്രഹിക്കുന്നതിന്നു സാധാരണന്മാൎക്കു സാധിക്കുന്നതല്ല. വേദപുസ്തകത്തിൽ ചരിത്രഭാഗങ്ങളും, പ്രവചനങ്ങളും, വേദാചാരമുറകളും, ഉപദേശങ്ങളും, കല്പനകളുമുണ്ടു്. ഇവയിൽ നിത്യരക്ഷക്കും പുണ്യജീവിതത്തിന്നും ഉപയുക്തങ്ങളായ ഭാഗങ്ങളെ, വേദപുസ്തക പാരായണം ചെയ്തിട്ടുള്ളവർ കാൎയ്യവിവേചനത്തോടുകൂടി തെരഞ്ഞെടുത്തു കാണിക്കുന്നതായാൽ, അതു് ഭൂഗൎഭശാസ്ത്രജ്ഞൻ ഇന്ന സ്ഥലത്തു സ്വൎണ്ണഖനിയുണ്ടു്, അഥവാ നിക്ഷേപം ഇരുപ്പുണ്ടു്. എന്നു ചൂണ്ടിക്കാണിക്കുന്നതുപോലെ, സഹായമായിരിക്കും. ഇപ്രകാരം 'വേദപുസ്തകപാരായണം' എന്ന ഉപന്യാസത്തിൽ പഴയതും പുതിയതുമായ എല്ലാഭാഗങ്ങളിൽ നിന്നും പ്രധാന ഭാഗങ്ങളെ തെരഞ്ഞെടുക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. ഈ പരിശ്രമത്താൽ മലയാളഭാഷയിൽ പൂൎണ്ണമായ ഒരു കത്തോലിക്കു് വേദപുസ്തകം ഇല്ലെന്നുള്ള ന്യൂനതയെ ഒരുവിധത്തിൽ പരിഹരിക്കാമല്ലോ. ഭക്തജീവിതം കഴിക്കുന്നവൎക്കു ഇതു മതവിഷയകമായ ഒരു ഉത്തമ പാരായണമായിരിക്കയുംചെയ്യും.

### സ്നേഹം.

വിശ്വാസം, ശരണം, ഉപവി എന്നീ മൂന്നു ദൈവികപുണ്യങ്ങൾ സൎവ്വപ്രധാനങ്ങളാകുന്നു. ഇവ മൂന്നിൽ സ്നേഹം പ്രഥമസ്ഥാനത്തെ അൎഹിക്കുന്നു. മനുഷ്യൻ ദൈവത്തെ ഹൃദയപൂൎവ്വം സ്നേഹിക്കുന്നതിലും, ദൈവത്തെപ്രതി സ്വസഹോദരങ്ങളെ തന്നെപ്പോലെ സ്നേഹിക്കുന്നതിലും ആണു് ഈ പുണ്യം അടങ്ങിയിരിക്കുന്നതു്. എല്ലാ പ്രമാണങ്ങളുടെയും അന്തിമോദ്ദേശ്യം സ്നേഹമാകുന്നു. ക്രിസ്തീയപുണ്യപൂൎണ്ണത ഇതിൽ അടങ്ങിയിരിക്കുന്നു. സ്നേഹമുള്ള ഒരാൾ സാക്ഷാൽ ദൈവഭക്തനാകുന്നു; ദൈവം അയാളിൽ നിവസിക്കയുംചെയ്യുന്നു. സ്നേഹം മറ്റെല്ലാം പുണ്യങ്ങൾക്കും ജീവനേയും യോഗ്യതയേയും പ്രദാനംചെയ്യുന്നു. ഈ പുണ്യംകൂടാതെ യാതൊരുവനും നിത്യരക്ഷ പ്രാപിക്കയില്ല; ഇതു കൂടാതെ മറ്റെന്തെല്ലാം ചെയ്താലും ഫലവുമില്ല; സ്വത്തുക്കളെല്ലാം ധൎമ്മമായിക്കൊടുത്താലും സ്വശരീരത്തെ വേദവിരോധികളുടെ ക്രൂരതക്കു സമൎപ്പിച്ചാലും ഫലമില്ല. സാരവത്തായ ഈ വിഷയത്തെപ്പറ്റി വ്യക്തമായി പ്രതിപാദിക്കുന്ന വേദവാക്യങ്ങളെ ഇവിടെ ഉദ്ധരിക്കുന്നു.

1.) വിശുദ്ധ മത്തായി 22-ാം അദ്ധ്യായം 35-ാം വാക്യം മുതൽ 40-ാം വാക്യം വരെയുള്ള ഭാഗത്തിൽ ഇപ്രകാരം പറയപ്പെടുന്നു. "അവരിൽ ഒരു ശാസ്ത്രി മിശിഹായെ പരീക്ഷിച്ചുകൊണ്ടു് ഗുരോ, വേദപ്രമാണത്തിൽ ഏതു കല്പനയാണു വലുതു്? എന്നു ചോദിച്ചു. ഈശോ അവനോടു പറഞ്ഞു: നിന്റെ ദൈവമായ കൎത്താവിനെ നിന്റെ പൂൎണ്ണഹൃദയത്തോടും, പൂൎണ്ണശക്തിയോടും, പൂൎണ്ണാത്മാവോടും, പൂൎണ്ണമനസ്സോടുംകൂടെ സ്നേഹിക്കണം. ഇതു വലുതും ഒന്നാമത്തേതുമായ കല്പനയാകുന്നു. രണ്ടാമത്തേതു് ഇതിനോടു തുല്യമാണു്. നിന്റെ അയൽവാസിയെ നിന്നെപ്പോലെ സ്നേഹിക്കണം. ഈ രണ്ടു കല്പനകളിൽ സകല വേദപ്രമാണവും പ്രവചനങ്ങളും അടങ്ങിയിരിക്കുന്നു." (മത്തായി 22. 35. 40.) ഈ സംഗതി തന്നെ വിശുദ്ധ മൎക്കോസു 12-ാം അദ്ധ്യായത്തിലും, വിശുദ്ധ ലൂക്കാ: 10-ാം അദ്ധ്യായത്തിലും കാണാവുന്നതാണു്.

2. പുരാതന വേദപ്രമാണം, മൂശദീൎഘദൎശിയുടെ പഞ്ചഗ്രന്ഥമാണു്. ഇതിന്നു സുറിയാനിയിൽ "ഒറയിത്താ" എന്നും, ലത്തീനിൽ "പെന്തെത്തവുക്കൂസ്" എന്നും ആണു് പേരു്. ഈ പഞ്ചഗ്രന്ഥത്തിന്റെ 5-ാം പുസ്തകമായ ആവൎത്തനം 6-ാം അദ്ധ്യായം 5-ാം വാക്യം മുതൽ 9-ാം വാക്യം വരെയുള്ള ഭാഗത്തിൽ ഇപ്രകാരം കല്പിക്കപ്പെട്ടിരിക്കുന്നു. "നീ നിന്റെ ദൈവമായ യഹോവായെ നിന്റെ പൂൎണ്ണഹൃദയത്തോടും നിന്റെ പൂൎണ്ണാത്മാവോടും, നിന്റെ പൂൎണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കണം. ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങ

ൽ നിൻെറ ഹൃദയത്തിൽ ഇരിക്കണം. നീ അവയെ നിൻെറ മക്കൾക്കു നിഷ്കൎഷയായി ഉപദേശിക്കയും, നീ നിൻെറ ഭവനത്തിൽ ഇരിക്കുമ്പോഴും, വഴിയെ നടക്കുമ്പോഴും, ശയിക്കുമ്പോഴും, എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു നീ ചിന്തിക്കയും വേണം. നീ അവയെ അടയാളത്തിന്നായി നിൻെറ കൈകളിന്മേൽ കെട്ടണം; അവ നിൻെറ കണ്ണുകളുടെ നടുവിൽ നെററിപ്പട്ടങ്ങളായിരിക്കണം. നീ അവയെ നിൻെറ ഭവനത്തിൻെറ പടിവാതിൽകളിന്മേലും കട്ടിളപ്പടികളിന്മേലും എഴുതിവെയ്ക്കണം." (ആവൎത്തനം 6. 5. 9.)

3. "സ്നേഹിക്കാത്തവൻ മരണത്തിൽ നിവസിക്കുന്നു" എന്നു വിശുദ്ധ യോഹന്നാൻെറ 1-ാം ലേഖനം 3-ാം അദ്ധ്യായം 14-ാം വാക്യത്തിൽ പറയപ്പെട്ടിരിക്കുന്നു.

4. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു ഒരുവൻ പറകയും തൻെറ സഹോദരനെ വെറുക്കയും ചെയ്യുന്നുവെങ്കിൽ അവൻ അസത്യവാദിയാകുന്നു" എന്നു വിശുദ്ധ യോഹന്നാൻെറ 1-ാം ലേഖനം 4-ാം അദ്ധ്യായം 20-ാം വാക്യത്തിൽ എഴുതപ്പെട്ടിരിക്കുന്നു.

5. വിശുദ്ധ പൌലൂസ് കൊരിന്ത്യൎക്കു എഴുതിയ 1-ാം ലേഖനം 13-ാം അദ്ധ്യായത്തിൽ സ്നേഹത്തെ അത്യധികമായി സ്തുതിച്ചിട്ടുണ്ടു. "ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹം ഇല്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെങ്ങലയൊ "ചിലമ്പുന്ന" കൈത്താളമൊ ആയിരിക്കും. എനിക്കു പ്രവചനവരം ലഭിച്ചു്, സൎവ്വജ്ഞാനവും സിദ്ധിച്ചാലും പൎവ്വതങ്ങളെ മാററിവെക്കത്തക്കതായ വിശ്വാസം ഉണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. എനിക്കുള്ളതെല്ലാംകൊണ്ടും അന്നദാനം ചെയ്താലും, എൻെറ ശരീരത്തെ ദഹിപ്പിക്കുന്നതിനു സമൎപ്പിച്ചാലും സ്നേഹം ഇല്ലെങ്കിൽ എനിക്കു ഒരു പ്രയോജനവുമില്ല. സ്നേഹം ക്ഷമയുള്ളതും ദയയുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. അഹങ്കരിക്കുന്നില്ല; അക്രമമായി വൎത്തിക്കുന്നില്ല; തൻ കാൎയ്യം അന്വേഷിക്കുന്നില്ല; കോപത്തിനു ഒരിക്കലും അധീനമല്ല. തിന്മ വിചാരിക്കുന്നില്ല; അനീതിയിൽ സന്തോഷിക്കുന്നില്ല; സത്യത്തോടുകൂടി സന്തോഷിക്കുന്നു. എല്ലാം സഹിക്കുന്നു. എല്ലാം വിശ്വസിക്കുന്നു. എല്ലാററിലും ശരണപ്പെടുന്നു. എല്ലാം ക്ഷമയോടെ സഹിക്കുന്നു. സ്നേഹം ഒരിക്കലും നശിച്ചു പോകയില്ല; പ്രവചനങ്ങൾ വിഫലങ്ങളാവാം. ഭാഷകൾ നിന്നുപോകാം. അറിവു മാറിപ്പോകാം. . . . ഇപ്പോൾ വിശ്വാസം, ശരണം, സ്നേഹം ഇവ മൂന്നും നില്ക്കുന്നു; എന്നാൽ ഇവയിൽ വലുതു സ്നേഹമാകുന്നു." (1 കൊരിന്ത്യർ 13.)

6. സ്നേഹമുള്ളവൻ ദൈവത്തിൽ വസിക്കുന്നുവെന്നു വിശുദ്ധ യോഹന്നാൻെറ 1-ാം ലേഖനം 4-ാം അദ്ധ്യായം 16-ാം വാക്യത്തിൽ പറയപ്പെട്ടിരിക്കുന്നു:- "ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവർ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു." (1. യോഹന്നാൻ 4. 16.)

7. സ്നേഹിക്കുന്നവനിൽ ദൈവം സന്തോഷത്തോടെ "കുടി"യിരിക്കുമെന്നു വിശുദ്ധ യോഹന്നാൻെറ സുവിശേഷം 14-ാം അദ്ധ്യായം 23-ാം വാക്യത്തിൽ വ്യക്തമായി പറയപ്പെട്ടിരിക്കുന്നു. "ഈശോ അയാളോടു മറുപടി പറഞ്ഞു. യാതൊരുത്തൻ എന്നെ സ്നേഹിക്കുന്നെങ്കിൽ എൻെറ വചനങ്ങളെ കാത്തുകൊള്ളും. എൻെറ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവൻെറ പക്കൽ വരികയും അവനിൽ വാസം ഉറപ്പിക്കയും ചെയ്യും." (യോഹന്നാൻ 14. 23.)

ഇനി വിശുദ്ധ പിതാക്കന്മാരും മല്പാന്മാരും മേല്പറഞ്ഞ വേദവാക്യങ്ങളെക്കുറിച്ചും അവയിൽ പ്രതിപാദിക്കപ്പെട്ടുന്ന സ്നേഹമെന്ന പുണ്യത്തെക്കുറിച്ചും എഴുതീട്ടുള്ളതും സംക്ഷേപിച്ചു ഇവിടെ ചേൎക്കുന്നു. "ദൈവത്തെ സ്നേഹിക്കും. അയൽവാസിയെ സ്നേഹിക്കും. എന്നീ രണ്ടു കല്പനകളിൽ പഴയ പുതിയ നിയമങ്ങളും ദിവ്യദൎശനങ്ങളും സംഗ്രഹിക്കാം" എന്നു വിശുദ്ധ അഗുസ്തീനോസ് മല്പാൻ എഴുതുന്നു. "പ്രമാണത്തിൻെറ പരമോദ്ദേ

ശ്യം സ്നേഹമായിരിക്കുന്നു" എന്നു വിശുദ്ധ പൌലോസ് ശ്ലീഹാ പഠിപ്പിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്. വേദപ്രമാണങ്ങൾ പത്തും മേല്പറഞ്ഞ രണ്ടു കല്പനകളിൽ അടങ്ങിയിരിക്കുന്നുവെന്നു തിരുസഭയുടെ പഠനത്തിൽനിന്നും നാമറിയുന്നു. "ദൈവം ഭയപ്പെടപ്പെടുവാൻ ആഗ്രഹിക്കുന്നതിനെക്കാൾ സ്നേഹിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു" എന്നു വിശുദ്ധ അമ്പ്രോസീസ് പഠിപ്പിക്കുന്നു. "ദൈവത്തെ വേണ്ടുംവിധം സ്നേഹിക്കുന്നവൻ തന്റെ പ്രമാണങ്ങളെല്ലാം കാപ്പാൻ ശ്രമിക്കും" എന്നു വിശുദ്ധ ക്രിസോസ്തോമോസ് എഴുതിയിരിക്കുന്നു. ക്രിസ്തീയപുണ്യപരിപൂർണ്ണത ദൈവത്തെ ഹൃദയപൂർവ്വം സ്നേഹിക്കുന്നതിലും സഹോദരങ്ങളെ തന്നെപോലെ സ്നേഹിക്കുന്നതിലും അടങ്ങിയിരിക്കുന്നു എന്നു വിശുദ്ധ പ്രാൻസിസ്സ് ദെസാലേസ് പ്രഭൃതികൾ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. നടക്കുന്നതിനു രണ്ടു കാലും, ആവശ്യപ്പെടുന്നതുപോലെ, സ്വർഗ്ഗരാജ്യത്തിൽ ചെന്നെത്തുവാൻ ദൈവസ്നേഹവും സഹോദരസ്നേഹവും രണ്ടും കൂടിയെ മതിയാവൂ എന്നാണു വി. അഗുസ്തീനോസ് പഠിപ്പിക്കുന്നത്.

"സഹോദരസ്നേഹം കൂടാതെ ദൈവസ്നേഹം യഥാർത്ഥത്തിൽ ഉണ്ടാകുവാൻ പാടില്ലാ" എന്നു വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ എഴുത്തുകളിൽ നിന്നു നിശ്ചയമായി നമുക്കറിയാവുന്നതാണ്. വിശ്വാസവും ശരണവും ഒരിക്കൽ അവസാനിക്കും; വിശ്വസിച്ചവ കണ്ടു ഗ്രഹിക്കയും പ്രതീക്ഷിച്ചിരുന്നവ ലഭിക്കയും ചെയ്തുകഴിയുമ്പോൾ ഇവ രണ്ടും അവസാനിക്കും. സ്നേഹമൊന്നു മാത്രമാണ് നമ്മെ ഇഹലോകത്തിലും പരലോകത്തിലും ഒന്നുപോലെ ഭാഗ്യവാന്മാരാക്കുന്നത്. ഈ സ്നേഹത്തിന്റെ കൂടുതൽ കുറവിനെ ആശ്രയിച്ചായിരിക്കും സ്വർഗ്ഗീയ ഭവനത്തിൽ നാം ഓരോരുത്തരും നക്ഷത്രങ്ങൾ പോലെയും ചന്ദ്രന്മാരെപ്പോലെയും സൂര്യന്മാരെപ്പോലെയും ശോഭിക്കുകയും ആനന്ദിക്കയും ചെയ്വാനിരിക്കുന്നതും. അതിനാൽ സ്നേഹമെന്ന അമൂല്യമായ ദിവ്യാമൃതം സമ്പാദിക്കുന്നതിനും അതിൽ അധികമധികം അഭിവൃദ്ധി പ്രാപിക്കുന്നതിനും നാമേവരും അത്യന്തം ശ്രമിക്കേണ്ടതാണ്.

ഫാദർ അലക്സാണ്ടർ, സി. ഡി.

## ആപൽക്കരമായ "നന്മനിറഞ്ഞമറിയം."

"നന്മനിറഞ്ഞ മറിയമേ" എന്നുള്ള നമസ്കാരം തത്വാന്വേഷികളായ ആളുകൾക്കു വളരെ ഫലപ്രദമായിട്ടുള്ളതാണെന്നു ആംഗ്ലിക്കാ മതപ്രധാനി ആയ പ്രസിദ്ധ ഡാക്ടർ പ്യൂസി സമ്മതിക്കുന്നതായ ഒരു സംഭവത്തെ പ്രയർ മാക്ക് നാബ് എന്ന മഹാൻ പ്രസ്താവിച്ചിട്ടുണ്ട്. കത്തോലിക്കാ മതത്തിലേക്കു ആകർഷണമുള്ള ഒരാളോടു ഡാക്ടർ പ്യൂസി ഇപ്രകാരം ചോദിച്ചു. "നിങ്ങൾ നന്മനിറഞ്ഞ മറിയമേ" എന്ന നമസ്കാരം ചൊല്ലുന്നുണ്ടോ? അതിനു മറുപടിയായി, അപ്രകാരം ചെയ്യുന്നുണ്ടെന്നു അയാൾ സമ്മതിച്ചപ്പോൾ, ആ നമസ്കാരം ചൊല്ലുന്നതു വളരെ ആപൽക്കരമാണെന്നും പലേ സന്ദർഭങ്ങളിലും ആപൽക്കരമായിട്ടാണു അവസാനിച്ചിട്ടുള്ളതെന്നും മേലാൽ അപ്രകാരം ചെയ്യരുതെന്നും അയാളോടു ഡാക്ടർ പ്യൂസി ബലമായി ഗുണദോഷിക്കയുണ്ടായി.

ബ്രസ്‌ലോ കത്തോലിക്കാ സർവ്വകലാശാലയിലെ ഒരു പ്രൊഫസ്സരായ ഡാക്ടർ ഹ്യൂഗൊലെമ്മെർ, ഒരു ലൂതറനായിട്ടാണു പിറന്നത്. പ്രൊട്ടസ്റ്റന്റുകാരുടെ ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരുന്ന കാലത്തു "നന്മനിറഞ്ഞ മറിയമേ" എന്നുള്ള നമസ്കാരത്തിന്റെ ഫലത്തെപ്പററി ഒരു കത്തോലിക്കാ പുസ്തകത്തിൽ അദ്ദേഹം ഇ

ങ്ങനെ കണ്ടു: "ഒരു പ്രോട്ടസ്റ്റൻറുകാരനു സത്യമതംഏതാണെന്നു അറിയുന്നതിനു മനഃപൂർവ്വമായ ആഗ്രഹമുണ്ടെങ്കിൽ അയാൾ എല്ലാ ദിവസവും ഭക്തിയോടെ "നന്മനിറഞ്ഞ മറിയമേ" എന്നുള്ള നമസ്കാരം ചൊല്ലട്ടെ. കാലക്രമംകൊണ്ടു അയാൾക്കു കത്തോലിക്കാ മതത്തോടുള്ള വിരോധം കുറയുമെന്നു മാത്രമല്ലാ, മിശിഹായുടെ സാക്ഷാലുള്ള സഭ, കത്തോലിക്കാ തിരുസഭയാണെന്നുള്ള ബോധം ഉണ്ടാവുകയും അതിൽ വിശ്വസിക്കുന്നതിനുള്ള ധൈര്യം ലഭിക്കയും ചെയ്യുന്നതാകുന്നു."

നമ്മുടെ യുവവൈദിക വിദ്യാർത്ഥി മേൽ കാണിച്ച ഉപദേശം അനുസരിച്ചു ജീവിച്ചതുകൊണ്ടു സത്യത്തിൻെറ പ്രകാശം അദ്ദേഹത്തിനുണ്ടാവുകയും, പിന്നീടു കത്തോലിക്കാ സഭയിലെ ഒരു പ്രസിദ്ധ അംഗമായിത്തിരുകയും ചെയ്തു. അനുമാനം ഊഹ്യമാണല്ലൊ.

കെ. ജെ. അബ്രാഹം ബി. എ. എൽ. ടി.

# ഒരു വാസ്തവമായ കഥ. *

ഞാൻ ഒരു കൊച്ചു കുട്ടിയായിരുന്നപ്പോൾ എൻെറ മാതാപിതാക്കന്മാരോടു കൂടി താമസിച്ചിരുന്നതു് എനിക്കു നല്ല ഓർമ്മയുണ്ടു്. അവർ അന്നും ഇന്നും ഹൈന്ദവമതാനുസാരികളാണു്. ഞങ്ങൾ ആരാധിച്ചുപോന്ന അനവധി ദേവന്മാരിൽ പ്രാധാന്യം, "കാളിക്കും, മാരിയമ്മാനും, വീരവാനും" ആയിരുന്നു. ഞങ്ങളുടെ കുലദൈവമായ "വീരവാ"നോടായിരുന്നു ഞങ്ങൾക്കു കൂടുതൽ ഭക്തി. 'ചില ദിവസങ്ങളിൽ എൻെറ മാതാപിതാക്കന്മാർ വിശേഷമായ ഫലങ്ങളും പലഹാരങ്ങളും മനോഹരമായ പുഷ്പങ്ങളും 'വീരവാനു' ബലിയായി സമർപ്പിക്കുക പതിവായിരുന്നു. കർമ്മാനന്തരം കുലദൈവത്തിനു് സമർപ്പിച്ച ഭക്ഷ്യസാധനംകൊണ്ടു് ഞങ്ങൾ ലഘുഭക്ഷണം കഴിച്ചുവന്നു. പ്രായമായപ്പോൾ എൻെറ പിതാവു് എന്നെ മന്ത്രങ്ങൾ പഠിപ്പിച്ചു. എനിക്കു അവയിൽ അത്രവലിയ ഭക്തിയില്ലായിരുന്നു. വളരെ ദുർല്ലഭമായിട്ടുമാത്രമേ ആ മന്ത്രങ്ങളെ ഞാൻ ജപിച്ചിട്ടുള്ളു. തമിഴ് പഠിച്ചു കഴിഞ്ഞപ്പോൾ എന്നെ ഇംഗ്ലീഷ് പഠിക്കുന്നതിനയച്ചു. എൻെറ സഹോദരൻെറ കൂടെ താമസമുറപ്പിച്ചു. ആ പട്ടണത്തിൽ നവമായി സ്ഥാപിച്ച ഒരു കത്തോലിക്കപള്ളിക്കൂടത്തിൽ ചേർന്നു പഠിക്കാൻ തുടങ്ങി. സ്കൂൾ മാനേജർ ഒരു കത്തോലിക്കാ വൈദികനായിരുന്നു. ആ ഇടവകയെ ഭരിച്ചിരുന്നതും അദ്ദേഹം തന്നെയാണു്. അവിടത്തെ ദേവാലയം പാഠശാലയോടേററവും അടുത്തിരുന്നതുകൊണ്ടും ഞാൻ അസാധാരണ ജിജ്ഞാസയുള്ളവനായിരുന്നതുകൊണ്ടും ആ ദേവാലയത്തിൽ നടത്തിവന്ന കർമ്മങ്ങൾ പല പ്രാവശ്യവും കാണുന്നതിനും അധ്യാത്മോപദേശങ്ങൾ കേൾക്കുന്നതിനും എനിക്കു സംഗതിയായിട്ടുണ്ടു്. അധികതാമസം കൂടാതെ എൻെറ വേദത്തിൻെറ പാരമാർത്ഥ്യത്തെക്കുറിച്ചു പല സന്ദേഹങ്ങളും എന്നിൽ കടന്നുകൂടി. അനേകം ദേവന്മാരും ദേവികളും ഉണ്ടെന്നുള്ള എൻെറ മതത്തിൻെറ സിദ്ധാന്തം ആകപ്പാടെ എന്നെ ഭയാക്രാന്തനാക്കി. ഹിന്ദുക്കളുടെ ഭക്തി മൃതവും സ്നേഹരഹിതവും ആണെന്നു് എനിക്കു തോന്നി. ബാഹ്യമായിട്ടല്ലാതെ ആന്തരികമായിട്ടുള്ള ഭക്തി അവർക്കില്ലെന്നു മാത്രമല്ല, വേദകാര്യങ്ങളിൽ എൻെറ സ്നേഹിതന്മാരായ ഹിന്ദുക്കളെല്ലാവരും വളരെ ഔദാസീന്യത വിചാരിക്കുന്നു എന്നും എനിക്കു ബോധ്യമായി. ക്രിസ്തുമതത്തിൻെറ സത്യത്തെക്കുറിച്ചു് അ

* (തൃശ്ശിനാപ്പള്ളിയിലെ ഒരു മാന്യനായ കെ. ഇ. ഇഗ്നേഷ്യസ് അവർകളുടെ മാനസാന്തരത്തെപ്പററി അദ്ദേഹംതന്നെ എഴുതിയ ലേഖനത്തിൻെറ ശരി തർജ്ജമയാണു് ഇതു്.)

ന്വേഷണം ചെയ്യുന്നതിന് എനിക്കാഗ്രഹമുണ്ടായെങ്കിലും, ഒരു വൈദികനോടു അതു സംബന്ധിച്ചു ചോദിക്കുന്നതിനു ധൈര്യമുണ്ടാകാഞ്ഞത് എന്തുകൊണ്ടാണെന്നു ഇപ്പോഴും എനിക്കു ശരിയായി മനസ്സിലാകുന്നില്ല. കാലക്രമേണ, കത്തോലിക്കാവൈദികന്മാരോടും വേദത്തോടും കൂടുതൽ പരിചയമുണ്ടാവാൻ തക്ക ഒരു സന്ദർഭം ദൈവഗത്യാ എനിക്കു ലഭിച്ചു. ബ.– അച്ചൻ ഞങ്ങളുടെ മാനേജരായി വന്നു. അദ്ദേഹത്തിനു തമിഴ് അറിഞ്ഞുകൂടായിരുന്നു. എനിക്കു ധാരാളം സമയമുണ്ടായിരുന്നതുകൊണ്ടു ദിവസംതോറും അര മണിക്കൂറു നേരം അദ്ദേഹത്തെ തമിഴ പഠിപ്പിക്കണമെന്നു ആവശ്യപ്പെട്ടതനുസരിച്ച് അക്ഷരമാല പഠിപ്പിക്കാൻ തുടങ്ങി. ഈ സന്ദർഭത്തിൽ ബ.– അച്ചൻ ഞങ്ങളുടെ സ്കൂളിൽ ഒരു അദ്ധ്യാപകനായി. അദ്ദേഹവും എനിക്കു ശിഷ്യപ്പെട്ടു. ഒന്നുരണ്ടുമാസം കഴിഞ്ഞപ്പോൾ ബ– അച്ചനു തമിഴിൽ പ്രസംഗങ്ങൾ പറയുന്നതിനു വലിയ അഗ്രഹമായി. അതു തയ്യാറാക്കുന്നതിനു എൻെറ സഹായം ആവശ്യപ്പെട്ടു. എല്ലാ ശനിയാഴ്ചയും ഞങ്ങൾ രണ്ടാളും കൂടി മതപ്രസംഗങ്ങൾ എഴുതിയുണ്ടാക്കി. അവയിലടങ്ങിയിരുന്ന തത്വങ്ങൾ ക്രിസ്തുമതത്തോടു എനിക്കുണ്ടായിരുന്ന ഭക്തിയെ പൂർവ്വാധികം വർദ്ധിപ്പിച്ചു. ഞാൻ കൂടുതൽ പരിചയപ്പെട്ടിരുന്ന ബ.– അച്ചനോടു ക്രിസ്തുമതത്തിൻെറ സത്യത്തെപ്പററി ചോദിച്ചു. മുമ്പു ഓരോ സന്ദർഭങ്ങളിലായി ഞാൻ കേട്ടിരുന്ന ആക്ഷേപങ്ങൾക്കു സമാധാനം ആവശ്യപ്പെട്ടു. ബ അച്ചൻ അതുകൾക്കെല്ലാം പറഞ്ഞ വിശദവും യുക്തിപൂർവ്വവുമായ മറുപടി എന്നെ തൃപ്തിയാക്കി. ജ്ഞാനസ്നാനം കൈക്കൊള്ളുന്നതിനെപ്പററി അദ്ദേഹമാകട്ടെ ഞാനാകട്ടെ ഒന്നും പറഞ്ഞതുമില്ല. സ്കൂൾപഠനം പൂർത്തിയായപ്പോൾ കോളജിൽ ചേർന്നു പഠിക്കുന്നതിനായിട്ടു ഞാൻ അവിടേക്കു പോയി. എൻെറ ഒരു അമ്മാവനോടൊരുമിച്ചാണ് താമസിച്ചതു. അദ്ദേഹത്തിനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. ആ പട്ടണത്തിലെ ഹിന്തുക്കളിൽ പ്രധാന പൌരന്മാരായിരുന്നു ഇവർ. കോളജിൽ വച്ച് കത്തോലിക്കരായ അനേകം സഹപാഠികളുമായി പരിചയപ്പെടുകയും അമ്മാവനറിയാതെ പലപ്പോഴും അവരുടെ ദേവാലയങ്ങളിൽ പോവുകയും ചെയ്തിരുന്നു. ക്രിസ്തുമതത്തിൻെറ സത്യത്തെ ആരാഞ്ഞറിയുന്നതിൽ പിന്നീടെന്നെ സഹായിച്ച കുറെ വൈദികന്മാർ, എന്നെ അവരുമായി പരിചയപ്പെടുത്തി. ആ ആണ്ടിൽതന്നെ ഒരു കത്തോലിക്കാനാടകത്തിൽ ഒരു നടനായിട്ടു എന്നെയും തിരഞ്ഞെടുത്തു. അതിൽ ചേർന്നതിനെപ്പററി അമ്മാവൻ കഠിനമായി ശകാരിക്കയും എന്നോടു നിർദ്ദയമായി പ്രവർത്തിക്കയും ചെയ്തു. അതിൽ പിന്നെ ഞാൻ കോളേജ് ബോർഡിങ്ങിൽ പോയി. അവിടെ സ്വമതാനുസാരികളായ പല സ്നേഹിതന്മാരുമുണ്ടായിരുന്നു. അവരിൽ ഒരാൾ ഇപ്പോൾ ഭക്തിയുള്ള ഒരു കത്തോലിക്കനാണ്. അവിടെ വച്ചു ഞാൻ മനസ്സമാധാനവും സന്തോഷവും അനുഭവിച്ചു. പുണ്യവാന്മാരുടെ ജീവചരിത്രം– പ്രത്യേകിച്ച് വിശുദ്ധ ലൂയീസിൻെറ വിസ്മയകരമായ ചരിത്രം വായിച്ചതിൽ എനിക്കു വളരെ ആശ്വാസമുണ്ടായി. ഇത്രയുമായപ്പോൾ ജ്ഞാനസ്നാനത്തെ സ്വീകരിക്കുന്നതിനുള്ള എൻെറ അഗ്രഹം സീമാതീതമായിരുന്നു. എങ്കിലും എൻെറ മാതാപിതാക്കന്മാരെയും ബന്ധുക്കളേയും വളരെ ജനസ്വാധീനമുണ്ടായിരുന്ന എൻെറ അമ്മാവനേയും ഭയന്നു അപ്പോഴും ഒന്നും ചെയ്തില്ല.

ഞങ്ങൾ വെള്ളാള ജാതിയിൽ പെട്ട ഒരു മാന്യശാഖയിലെ അംഗങ്ങളാണ്. ഞാൻ ക്രിസ്ത്യാനിയായാൽ എൻെറ ശേഷക്കാരുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാകുമെന്നു എനിക്കു അറിയാമായിരുന്നു. ഈ സന്ദർഭത്തിൽ കത്തോലിക്ക് വിദ്യാർത്ഥികൾക്കു ഒരു ധ്യാനമുണ്ടായി. ഞാനും അതിൽ സംബന്ധിച്ചു. എൻെറ മനസ്സു അതിൽവച്ചു ഇളകിപ്പോയി.

ധ്യാനം കഴിഞ്ഞ് ഒരു ജൂബിലി ഘോഷിക്കുന്നതിന് എടവകക്കാരേവരും കൂടി. ജൂബിലിസ്മാരകമായി ഒരു വലിയ "തൂങ്ങപ്പെട്ട" രൂപം മെത്രാസനപ്പള്ളിയുടെ മുൻവശത്തുള്ള മൈതാനത്തു സ്ഥാപിച്ചു. ബ–അച്ചൻ അവിടെവച്ചൊരു പ്രസംഗം ചെയ്തു. കർമ്മങ്ങൾ കഴിഞ്ഞപ്പോൾ

ജ്ഞാനസ്നാനപ്പെട്ടന്നതുകൊണ്ടു എന്തുതന്നെ സംഭവിച്ചാലും, മരണംതന്നെ നേരിട്ടാലും അതെല്ലാം സഹിക്കാൻ ധൈൎയ്യമുണ്ടായതുപോലെ എനിക്കുതോന്നി. താമസിയാതെ ജ്ഞാനസ്നാനം കൈക്കൊണ്ടു വി. ഇഗ്നാസിയോസിനെ എൻെറ പരിപാലകനുംനാമകാരണനുമായി തെരഞ്ഞെടുത്തു.

എൻെറ ബന്ധുക്കളെപ്പററി ഞാൻ അന്യഥാ ശങ്കിച്ചതാണ്. അവർ എന്നെ ഉപേക്ഷിക്കാഞ്ഞതിനു ദൈവത്തിനു സ്തുതി. ഞാൻ സ്വച്ഛന്ദമായി എൻെറ മതാനുസരണം ജീവിച്ചുവരുന്നു. ഈ മതം സ്വീകരിക്കുന്നതിനു എന്നെ സഹായിച്ച, ദൈവത്തെ സ്തുതിക്കുന്നതിന് വായനക്കാരും എന്നെ സഹായിക്കേണമെന്നേ എനിക്ക് അപേക്ഷയുള്ളു.

ഈ അനുഗ്രഹം എൻെറ മാതാപിതാക്കന്മാൎക്കും ബന്ധുക്കൾക്കും ലഭിക്കുന്നതിന് ക്രിസ്തീയ വായനക്കാർ ദൈവത്തോടു പ്രാൎത്ഥിക്കാതിരിക്കയില്ലെന്നാണ് എൻെറ ദൃഢമായ വിശ്വാസം.

റവ. ഫാദർ ജോൺ പാലോക്കാരൻ,
ബി. എ.

# യുദ്ധത്തിൻെറ സൽഫലങ്ങളിൽ ഒന്ന്.

(യുദ്ധവൎത്തമാനത്തെപ്പററി മാസികയിൽ വല്ലതും ചേൎക്കുന്നുണ്ടോയെന്നു ആപ്പീസിലെ ഹെഡ്ക്ലാൎക്ക വളരെ ഗൗരവത്തോടു ചോദിച്ചു. നിഷേധാൎത്ഥത്തിലുള്ള മറുപടി കേട്ടുകൊണ്ടു പോയ ക്ലാൎക്ക ഇതാ ഒരു ലേഖനവുംകൊണ്ടു പിറേറന്നു വന്നിരിക്കുന്നു! വൎത്തമാനം കുറെ പഴക്കമാണെന്നും, എഴുതിയ രീതി സാമാന്യത്തിലധികം ബാലിശമായിപ്പോയെന്നും ഞങ്ങൾ പറഞ്ഞതു് അയാൾക്കു ഒട്ടും രസിച്ചില്ലെന്നു മാത്രമല്ല, ലേഖനം ചേൎക്കാത്തപക്ഷം ജോലി രാജിവയ്ക്കുമെന്നു കൂടി സൂചിപ്പിക്കയുണ്ടായി. പത്തു പതിനാറു വൎഷങ്ങളായിട്ടു, അതേ കുസുമത്തിൻെറ ശിശുപ്രായം മുതല്ക്കു വിശ്വസ്തതയോടെ സേവിച്ച ഒരു ജോലിക്കാരനെ ഈ യൗവനകാലത്തു പിരിച്ചുവിടുവാൻ നിവൃത്തിയില്ലാത്തതിനാൽ ലേഖനം ചേൎക്കാമെന്നു നിശ്ചയിച്ചതാണ്.

(പത്രാധിപർ.)

ഇക്കഴിഞ്ഞ കന്നിമാസം ൨൩-നു- വെസ്റ്റമിനിസ്റ്റർ കത്തീഡ്റാൽ പള്ളിയെലാക്കാക്കിപ്പോയിക്കൊണ്ടിരുന്ന പുരുഷാരത്തിനു ഒരു കയ്യുംകണക്കുമില്ല. നമ്മുടെ ചക്രവൎത്തി തിരുമേനിക്കു നേരിട്ടു പോകുവാൻ സാധിക്കാഞ്ഞിട്ടു പിതൃവ്യനായ കോണാട്ടിലെ പ്രഭുവാണു പോകുന്നതു്. കിരീടാവകാശിയുടേയും അമ്മറാണിയുടേയും പ്രതിപുരുഷന്മാരുമുണ്ടു്. ലണ്ടനിലേയും റോമ്മായിലേയും മേയറന്മാരാവട്ടെ തങ്ങളുടെ സകല ചിഹ്നങ്ങളോടും ഷെറിഫന്മാരുടെ അകമ്പടിയോടും കൂടി, "ഞങ്ങളാണു നഗരാധികാരികൾ" എന്നുള്ള ഭാവത്തോടും ഗൗരവത്തോടും കൂടി, ദേവാലയത്തിൽ പ്രവേശിക്കുന്നു. ബ്രിട്ടീഷ് വിദേശകാൎയ്യ സിക്രട്ടറിയും പിറകെ ഉണ്ടു്. പിന്നെ വിദേശിയരായ മന്ത്രിപ്പുങ്ങളുടെ കാൎയ്യം പറയണമോ? ബുദ്ധമത ജപ്പാനും നിരീശ്വര ഫ്രാൻസും സ്വതന്ത്ര അമേരിക്കായും ഇതാ മുറക്കു ഹാജരാകുന്നു. ഇവരെല്ലാം പോയസ്ഥിതിക്കു (മാൎപ്പാപ്പായോടു ഇപ്പഴും മൂപ്പൎക്കു വലിയ കോപമാണെങ്കിലും) ഇററലിയും സന്നിഹിതനായി. എന്നുതന്നെയുമല്ല, മററുള്ളവരെല്ലാം പള്ളിയിലേക്കു പോകുന്നതു ഇത്താലിയായിലെ മൃതന്മാരായ പടയാളികളുടെ ആത്മാനുകൂല്യാൎത്ഥം അൎപ്പിക്കപ്പെടുന്ന വിശുദ്ധ കുൎബാന കാണുന്നതിനുമാണല്ലൊ. അതുകൊണ്ടു ഇപ്രാവശ്യം ഏറെക്കുറെ സന്തോഷത്തോടെതന്നെയാണു ഇററാലിയൻ രാജകീയ കരാബിനിയറിബാൻറുകാർ ബലിപീഠത്തിനു പിറകിലായി നിന്നിരുന്നതു്. പള്ളിവാതുക്കലെടുത്തും ആയുധപാണികളായ അനേകം ഭടന്മാർ അണി

അണിയായി നിന്നിരുന്നു. കാർഡിനൽ ബോൺ അവർകളുടെ സാന്നിധ്യത്തിൽ സഹായമെത്രാനായ ഡാക്ടർ ബട്ട ദിവ്യപൂജ ആരംഭിച്ചു. കുറെക്കഴിഞ്ഞു ഇതാ "പാതിക്കാലത്തി"ൻെറ സമയമായി. വിശുദ്ധ ഓസ്തി ഉയർത്തപ്പെട്ടതും, അംഗഭടനായകൻെറ ആജ്ഞാനുസരണം പടയാളികൾ ആയുധങ്ങൾ വച്ചു അഭിവാദ്യം ചെയ്തതും ഒന്നിച്ചു കഴിഞ്ഞു. ചുരുക്കത്തിൽ ഇതു സംബന്ധിച്ച സകല ചടങ്ങുകളും വളരെ ഭാഗിയായും ക്രമമായും കഴിഞ്ഞുകൂടി.

മതമഹാ പരിവർത്തനത്തിനു ശേഷം പ്രോട്ടസ്റ്റൻറുകാരുടെ ഇംഗ്ലണ്ടിൽ വച്ചു ഈദൃശമായ ഒരു സംഭവം ഒരിക്കൽ മാത്രമേ ഇതിനുമുമ്പു നടന്നിട്ടുള്ളൂ. അതു പോർത്തുഗാളിലെ രാജാവും കിരീടാവകാശിയും ഒരുമിച്ചു ഹതന്മാരായപ്പോളായിരുന്നു. അവക്കു വേണ്ടി ചൊല്ലിയ കുർബ്ബാന കാണുന്നതിനു മററു പലേ യോഗ്യന്മാരുടേയും കൂട്ടത്തിൽ നാടുനീങ്ങിയ എഡ്വർഡ് ചക്രവർത്തി തിരുമേനിയുമുണ്ടായിരുന്നു.

"ക. കുസുമം" ആഫീസിലെ
ഹെഡ്ക്ലൎക്ക്.

# ഏലിയാമ്മ അഥവാ ദൈവപരിപാലനം.

ചെമ്പകശ്ശേരിവീട്ടിലെ ഏകസന്താനമായ ഔസേപ്പച്ചന് സന്നി ആരംഭിച്ചിട്ട് ഇന്നു രണ്ടു ദിവസമായി. സ്വപുത്രൻെറ സമീപെ അധോമുഖിയായിരുന്ന ഏലിയാമ്മയെ നോക്കിക്കൊണ്ട്, ഡാക്ടർ പുന്നൻ സാവധാനമായി വാതൽ അടയ്ക്കുക ആയിരുന്നു. കൈയിൽ പിടിച്ചിരുന്ന ചിമ്മിണി വിളക്കിൻെറ പ്രകാശത്താൽ ഏലിയാമ്മയുടെ ദയനീയമായ നോട്ടം അദ്ദേഹത്തിനു നല്ലവണ്ണം കാണാം. അവളുടെ തരളങ്ങളായ അധരങ്ങളിൽ നിന്ന് പുറപ്പെടുവാനിരുന്ന ചോദ്യം എന്താണെന്നു ഊഹിച്ചുകൊണ്ട് അയാൾ ശിരഃകമ്പത്തോടു പറഞ്ഞു.

"ഏലിയാമ്മേ! ഒരു ശരണവുമില്ല. കുട്ടിക്കുവേണ്ടി ഞാൻ പഠിച്ചപണി പതിനെട്ടുംനോക്കി. അവനെ രക്ഷിക്കാൻ ഒരു നിവൃത്തിയുമില്ല." ഏലിയാമ്മ പറഞ്ഞു. "അങ്ങിനെ പറയരുതെ വൈദ്യരേ! എനിക്ക് അവനെ ഉപേക്ഷിക്കാൻ പാടില്ല.

പാവം! എൻെറ ഓമനക്കുട്ടനായ ഔസേപ്പച്ചാ നീ ഒരിക്കലും മരിക്കരുതെ! ഡാക്ടർ പറഞ്ഞു. "അരുതു, അരുതു, ഏലിയാമ്മ കരയാതിരിക്കു. എല്ലാം ഈശ്വരേച്ഛപോലെ വരട്ടെ." ഏലിയാമ്മ പറഞ്ഞു. "ദൈവേഷ്ടംപോലെ എന്നു പറയുന്നതിനു എൻെറ മനസ്സു സമ്മതിക്കുന്നില്ല വൈദ്യരെ! ദൈവം എന്താണ് ഇത്ര നിർദ്ദയമായി എന്നോട് പ്രവർത്തിക്കുന്നത്? ആദ്യം എൻെറ ഭർത്താവു മരിച്ചു. ഇപ്പോൾ ഇതാ എൻെറ ഏകസന്താനം എനിക്കു നഷ്ടമാവാൻ പോകുന്നു. ഹാ! എത്രകഠിനം! ദൈവം എന്താണ് എന്നെ ഈ വിധം ഉപദ്രവിക്കുന്നത്!"

"ഏലിയാമ്മേ! നിങ്ങൾ ഇങ്ങനെ ഒരിക്കലും ദൈവത്തെപ്പററി പറയരുത്. ഔസേപ്പച്ചൻ മരിക്കുകയാണെങ്കിൽ ദൈവത്തിനു എന്തോ പ്രത്യേക ഉദ്ദേശം ഉണ്ടായിരിക്കണം സംശയമില്ല. നാളെ ഇവിടെ വന്നതിനുശേഷമെ ഞാൻ ആശുപത്രിയിൽ പോവുകയുള്ളൂ." എന്നു പറഞ്ഞുംകൊണ്ടു ഡാക്ടർ പുന്നൻ വീട്ടിലേക്ക് മടങ്ങി. വഴിമദ്ധ്യേ നിഗൂഢമായ ദൈവപരിപാലനത്തെപ്പററി അദ്ദേഹം വളരെ അത്ഭുതപ്പെട്ടു.

ഏലിയാമ്മ, ഔസേപ്പച്ചൻകിടന്ന മുറിയിൽ പ്രവേശിച്ചുകൊണ്ടു ദുഃഖത്തോടെ മകനെനോക്കി. അവൻ ശാന്തമായും നിശ്ശബ്ദമായും കിടക്കുകയായിരുന്നു. കൃശമായ ഒരു കൈ പുതപ്പിനു മീതെയും, മററതു തലയിണയ്ക്കു കീഴെയുംവച്ച് ബാ

ലൻ ചരിഞ്ഞു കിടക്കുകയായിരുന്നു. മുഖം വിളറിയിരുന്നു. ഏലിയാമ്മ, അടുത്തുതന്നെ ഒരു സ്റ്റൂളിൽ പുത്രനേയും നോക്കിക്കൊണ്ടിരുന്നിരുന്നു. പനിപ്പിച്ചായിട്ടെങ്കിലും കുട്ടി വല്ലതും ഇടയ്ക്കിടക്കു സംസാരിച്ചു എങ്കിൽ അതു അവൾക്കു ഒരു സമാധാനമായിരുന്നു. ഈ നിശ്ശബ്ദതയും, ശാന്തതയും ആണ് ഒട്ടും സഹിച്ചുകൂടാത്തതു്. കുട്ടി ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടോ എന്നു മാറത്തു സൂക്ഷിച്ചുനോക്കിക്കൊണ്ട് ഒന്നരമണിക്കൂർനേരം ഇരുന്നു.

അതാ! കുട്ടി അനങ്ങുന്നു. അവൻ കണ്ണുതുറന്നു. "അമ്മച്ചി" എന്നു ബലഹീനവും മൃദുലവുമായ ഒരു സ്വരം കേട്ടു. സന്നിപാതജ്വരം തുടങ്ങിയിട്ട് ഇപ്പോളാണ് ആദ്യമായി സുബോധത്തോടെ സംസാരിച്ചതു്. അവൾ ഹൃദയംഗമമായി സന്തോഷിച്ചു.

മിന്നൽവേഗത്തിൽ അവൾ ബാലന്റെ അടുക്കൽ ചെന്നിരുന്നു.

"അമ്മച്ചി ഇതുവരെയും കിടന്നുറങ്ങിയില്ലയൊ?"

ഇല്ലോമനേ അമ്മച്ചി നിനക്കുവേണ്ടി ഉറക്കിളച്ചിരിക്കുകയാണ്."

"മറ്റേ സ്ത്രീ എന്ത്യേമ്മെ?"

"ഏതു സ്ത്രീ? കുട്ടി"

അമ്മച്ചി പോകുമ്പോ എന്റെ അടുത്തിരിക്കുന്ന സ്ത്രീ."

അമ്മച്ചി നിന്നെ വിട്ട് ഒരിടത്തോട്ടും പോകുന്നില്ലല്ലോ. ഇവിടെ ഞാനല്ലാതാരുമില്ല."

"ഉണ്ടമ്മച്ചി. വെള്ള ഉടുപ്പിട്ട് നീലക്കെട്ടും കെട്ടി ഇവിടെ ഇരുന്ന ആ സ്ത്രീയെ അമ്മച്ചി കണ്ടില്ലെ. ഇന്നു വെളുക്കുന്നതിനകത്ത് എന്നെക്കൊണ്ടുപോകുവാൻ വരുമെന്നു പറഞ്ഞുംവച്ചാണ് പോയതു്"

ഇതു കേട്ടപ്പോൾ ഏലിയാമ്മയുടെ കണ്ണുകളിൽനിന്ന് അശ്രുക്കൾ ധാരധാരയായി ഒഴുകിത്തുടങ്ങി. ഔസേപ്പച്ചൻ വീണ്ടും ചരിഞ്ഞു കിടന്നു ഉറക്കം ആരംഭിച്ചു. ഏലിയാമ്മ കൈകളെ വിടിർത്തുപിടിച്ച് ഇങ്ങനെ പ്രാർത്ഥിച്ചു. ഹാ! എന്റെ ദൈവമേ! ഇവനെ എങ്കിലും എനിക്കു തരണമെ. എന്റെ കുട്ടി! എന്റെ സ്വന്ത ഔസേപ്പച്ചാ! എന്റെ കണ്ണിലുണ്ണി! നീ മാത്രമെ എനിക്കുള്ളു. എന്റെ ദൈവമെ, എന്റെ അപേക്ഷ കേൾക്കണമെ! ഈ ഓമനയെ നിനക്കെന്തിനാണ്.?"

ഹൃദയപൂർവ്വകമായ ഈ പ്രാർത്ഥന ദയാനിധിയായ ദൈവത്തിന്റെ അടുക്കൽ എത്തി. ദൈവം നമ്മുടെ അപേക്ഷാനുസരണം എല്ലായ്പോഴും പ്രവർത്തിച്ചു എന്നുവരികയില്ല. നമുക്കു് അത്യാവശ്യകങ്ങളായിട്ടുള്ളവയെ നമ്മേക്കാൾ കൂടുതലായി അറിയാവുന്ന ദൈവം നിർദ്ദയനാണെന്നു പെട്ടെന്ന് നമുക്ക് തോന്നിയേക്കാം. എന്നാൽ നമുക്കു പീഡാകരങ്ങൾ എന്ന് തോന്നപ്പെടുന്ന സംഭവങ്ങൾ വാസ്തവത്തിൽ അനുഗ്രഹങ്ങളാണെന്നു കാലാന്തരത്തിൽ ബോദ്ധ്യമാകും.

ഏലിയാമ്മ പാതിരാത്രിവരെ ഇങ്ങനെ നിലവിളിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും കഴിച്ചു. മുറിയിൽനിന്നാകട്ടെ, പുറത്തുനിന്നാകട്ടെ, യാതൊരു സ്വരവും കേൾക്കാനില്ല. പിന്നെയും അവൾ പ്രാർത്ഥിച്ചു. അതാ കുട്ടി വീണ്ടും അനങ്ങുന്നു. തലയിണയിൽനിന്ന് ശിരസ്സുയർത്തുന്നു. കണ്ണു പൂർണ്ണമായി തുറന്ന് നാലുഭാഗത്തും ആരെയൊ കാണ്മാനെന്നപോലെ നോക്കി. ഒടുവിൽ അവന്റെ ദൃഷ്ടി വാതിലിൽ ഉറപ്പിക്കുന്നു. ശിരസ്സ് വീണ്ടും അധഃപതിച്ചു. ഏലിയാമ്മ ഈ സംഭവങ്ങളെല്ലാം ഉൽക്കണ്ഠാപൂർവ്വം നോക്കിക്കൊണ്ടിരുന്നു. കുട്ടി പിന്നെ അനങ്ങിക്കാണാത്തതുകൊണ്ട് മേശയിൽ ഇരുന്ന വിളക്ക് അവൾ ബദ്ധപ്പെട്ട് എടുത്തുകൊണ്ടുവന്നു; സൂക്ഷിച്ചുനോക്കി. ഭയാക്രാന്തയായി അവൾ "ഔസേപ്പച്ചാ!" എന്നു വിളിച്ചു.

"ഔസേപ്പച്ചാ! ഔസേപ്പച്ചാ!!" ഒരു സമാധാനവുമില്ല. കൃശമായിരുന്ന അവന്റെ കൈ അവൾ പിടിച്ചുനോക്കി. അതു മഞ്ഞുപോലെ തണുത്തിരുന്നു. നാഡിപിടിച്ചുനോക്കി അതു് അടിക്കുന്നില്ല.

എന്റെ ദൈവമേ! അവൻമരി... ഇത്രയും പറഞ്ഞതും അവൾ ബോധംകെട്ട് നിലത്തു വീണതും ഒന്നിച്ചുകഴിഞ്ഞു.

* * *

ഏലിയാമ്മ കണ്ണുകൾ തുറന്നു സൂക്ഷിച്ചുനോക്കി. അവൾ ഒരു തെരുവീഥിയിൽ ഏകാകിനിയായി ഇരിക്കുന്നതവന്നു

തോന്നി. രാത്രി മഞ്ഞുള്ളതും ശീതളവുമായിരുന്നതുകൊണ്ട് അവൾ ഏഴുന്നേററു സാവധാനത്തിൽ പുറപ്പെട്ടു. പട്ടണത്തിൽ വെളിച്ചം കുറവായിരുന്നതുകൊണ്ട് വഴി നല്ലവണ്ണം കാണ്മാൻ പാടില്ലാതിരുന്നു. കുറേ നടന്നപ്പോൾ വഴിക്കടുത്തുള്ള ഒരു മദ്യഷാപ്പിൻെറ വാതൽ പെട്ടെന്നു തുറക്കപ്പെട്ടു. ഉദ്ദണ്ഡനായ ഒരു മനുഷ്യൻ പുറത്തേക്കു ചാടി ഇറങ്ങുന്നത് ആ വെളച്ചത്തിൽ കണ്ടു. പിറകെ, കത്തിയും ഊരിപ്പിടിച്ചുകൊണ്ടു വരുന്ന വേറൊരു മനുഷ്യൻെറ ഭീഷണി വാക്കുകളെ കേട്ടിട്ടൊ എന്തോ, ആദ്യത്തെ ആൾ ഒരു ചാട്ടം ചാടി. കാലുതെററുകയും മരം വെട്ടി ഇട്ടതുപോലെ അവൻ റോഡരികിൽ വീഴുകയും ചെയ്തു. പിറകെ വന്ന ആളിനെ കണ്ടതുമില്ല. കുറെ കഴിഞ്ഞപ്പോൾ ഒരു ചൂട്ടുകാരൻ വഴിയെ വന്നു. വീണു കിടക്കുന്നതാരാണെന്നറിയുന്നതിന്നു ഏലിയാമ്മക്ക് അത്യധികമായ മോഹം ജനിച്ചു. ചൂട്ടുകാരൻെറ സഹായത്തോടുകൂടി അവൾ ആ ഉദ്ദണ്ഡമനുഷ്യൻ വീണുകിടന്നിടത്ത് ചെന്നുനോക്കി. അവൻെറ മുഖം വിളറിയും, കണ്ണുകൾ പൊന്തിച്ചും ഇരുന്നു. പാപത്തിൻെറയും ദുഷ്ടതയുടെയും ചിഹ്നങ്ങളേ അവയിൽ കണ്ടുള്ളു. മദ്യപാനത്തിൻെറ ആധിക്യത്താൽ ചുവന്നിരുന്ന കണ്ണുകൾ തുറന്ന്, ഏലിയാമ്മയുടെ നേരെ തുറിച്ചുനോക്കി "അമ്മച്ചി" എന്ന് അതിഭയങ്കരമായ ഒരു സ്വരത്തിൽ അവൻ വിളിച്ചു. അവൾ ഭയവിഹ്വലയായി പിറകോട്ടു മാറി. ഉത്തരക്ഷണത്തിൽ, ഉദ്ദണ്ഡനായി, മദ്യപാനിയായി കിടക്കുന്ന ഈ സ്വരൂപം തൻെറ സ്വന്തം ഔസേപ്പച്ചനാണെന്നു അവൾക്കു മനസ്സിലായി.

പക്ഷികളുടെ പ്രഭാതകൂജനം കേട്ടുതുടങ്ങി. അതുവരെയും ഉണ്ടായിരുന്ന നിശ്ശബ്ദത പാടെ നീങ്ങി. ബാലാർക്കൻ വാതായനത്തിൽ കിടന്നിരുന്ന ജവനികയുടെ ഇടയിലൂടെ എത്തിനോക്കി. ശയ്യയിൽ നിശ്ശബ്ദനായി ശാന്തനായി കിടക്കുന്ന ആ ബാലൻെറ മുഖകമലത്തിൽ അവർണ്ണനീയമായ ഒരു ജീവചൈതന്യം കളിയാടി. കാണികളെ നോക്കി പുഞ്ചിരി തൂകുന്നുവൊ എന്നു തോന്നുമാറു, അധരങ്ങൾ അദ്ധവികസിതങ്ങളായിരുന്നു. എന്നാൽ ആ കുട്ടിയുടെ ആത്മാവ് സ്വർഗ്ഗസ്ഥനായ പിതാവിൻെറ അടുക്കൽ എത്തിയിരുന്നു. ഏലിയാമ്മയുടെ ഇപ്പോഴത്തെ പ്രാർത്ഥന ഇപ്രകാരമായിരുന്നു. "എൻെറ ദൈവമേ! നിന്നോടു ഞാൻ നന്ദിപറയുന്നു. അവനെ നീ വിളിച്ചതിൻെറ കാരണം എനിക്കിപ്പോൾ മനസ്സിലായി.

## തിരുഹൃദയഭക്തന്മാർ ൧൯൧൯ മകരമാസത്തിൽ വെക്കേണ്ടിയ പൊതുനിയോഗം



### തിരുക്കുടുംബഭക്തി.

ലോകനിയന്താവായ സർവ്വേശ്വരൻ ആദ്യ മനുഷ്യനായ ആദത്തെ സൃഷ്ടിച്ചതിൻെറശേഷം ആദം ഏകാകിയായിരിക്കുന്നതിൻെറ അനൌചിത്യത്തെ പരിഹരിക്കുന്നതിന്നുവേണ്ടി അദ്ദേഹത്തിന്നു എന്നും തുണയും സഹകാരിണിയുമായിട്ടു ആദ്യമാതാവായ ഹാവായെ, ആദത്തിൻെറ പാർശ്വത്തിൽനിന്ന് എടുത്ത അസ്ഥികൊണ്ടു രൂപീകരിച്ച് അവളെ അയാളുടെ ഭാര്യയായി നിശ്ചയിക്കുയാണല്ലൊ ചെ

യ്യുത്. ഇപ്രകാരം കുടുംബജീവിതക്രമം ദൈവംതന്നെ സ്ഥാപിച്ചു. അന്നുമുതൽ ഇന്നുവരെയുള്ള ലോകചരിത്രത്തെ പരിഗണനം ചെയ്യുന്നതായാൽ സാരതരങ്ങളായ നിരവധി മാററങ്ങൾ ലോകസഞ്ചയത്തിൽ സംഭവിച്ചിട്ടുള്ളതായി നാം കാണും. എന്നാൽ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു മാററവും വന്നതായി അറിയുന്നില്ല.

മനുഷ്യൻ പ്രകൃത്യാ തന്നെ സാമുദായികജീവിയാണെന്നു സ്പഷ്ടമാണല്ലൊ. സമുദായത്തിൻെറ അസ്ഥിവാരമാകട്ടെ കുടുംബമാണ്. ഭാൎയ്യാഭൎത്താക്കന്മാരിൽ നിന്നു കുടുംബങ്ങളുണ്ടാകുന്നു, പല കുടുംബങ്ങൾ ഉണ്ടാകുമ്പോൾ ഗ്രാമമായി, ഗ്രാമങ്ങളിൽനിന്നു പട്ടണങ്ങൾ ഉത്ഭവിക്കുന്നു. ഇവയിൽനിന്നു രാജ്യങ്ങളും, രാജ്യങ്ങൾ വൎദ്ധിച്ച് സാമ്രാജ്യങ്ങളുമുണ്ടാകും. ഇതിൽനിന്നും ഒരു രാജ്യത്തിൻെറ ഐശ്വൎയ്യസൌഭാഗ്യങ്ങൾ അതിലെ കുടുംബഭരണകൎത്താക്കളെ ആണ് ആശ്രയിച്ചിരിക്കുന്നതെന്നു സ്പഷ്ടമാണല്ലൊ. അതിനാൽ ലോകൈശ്വൎയ്യത്തിൻെറ യഥാൎത്ഥമായ അടിസ്ഥാനം ശരിയായ കുടുംബഭരണത്തിന്മേലാകുന്നു സ്ഥിതിചെയ്യുന്നത്. കുടുംബജീവിതത്തിൻെറ ഉത്തമമായ മാതൃകയാണ് നസ്രസ്സിലെ തിരുക്കുടുംബം. ഒരു കുടുംബത്തെ ഐശ്വൎയ്യപ്രദമാക്കുന്നതു അതിലെ അംഗങ്ങൾ ആണ്. പുരുഷൻ ഭൎത്താവിൻെറ നിലയിൽ ഗൃഹനായകനും സ്ത്രീ ഭാൎയ്യയുടെ നിലയിൽ നായകിയും, സന്താനങ്ങൾ ഈ ദമ്പതിമാരുടെ സംരക്ഷണയിൽ ഇരിക്കുന്നവരും ആകുന്നു. നസ്രസിലെ ഭവനത്തിൽ മാർ യൌസേപ്പും വി. മറിയവും ദമ്പതിമാരും, ഉണ്ണിമ്ശിഹാ അവരുടെ പ്രിയമകനും ആയിരുന്നു. ഇവരും ദൈവനിശ്ചയപ്രകാരം സാധാരണ കുടുംബങ്ങളിൽ ഉണ്ടാകാറുള്ള സുഖദുഃഖങ്ങൾക്കാധീനരായിരുന്നു. വി. യൌസേപ്പു ആശാരിപ്പണി എടുത്തും പ. മറിയം തുന്നൽവേല ചെയ്തും ആണ് ഉപജീവനം കഴിച്ചുവന്നത്. അവരുടെ ഏകസന്താനമായ മ്ശിഹാ, മാതാപിതാക്കന്മാരുടെ ജോലിയിൽ യഥാശക്തി അവരെ സഹായിച്ചിരുന്നു. അവരുടെ യാത്രയിൽ വിശ്രമസ്ഥലം കിട്ടാതിരുന്നതും മ്ശിഹാ പിറന്ന് അധിക കാലം കഴിയുന്നതിന്നു മുമ്പ് ഏജിപ്തിലേക്കു പോകേണ്ടിവന്നതും ഈ ദമ്പതിമാൎക്കു വളരെ വ്യസനകാരണങ്ങളായ സംഭവങ്ങളായിരുന്നു. എന്നാൽ ഇവയിൽ എല്ലാം അവർ ദൈവേഷ്ടം അനുസരിക്കുന്നതിൽ ബദ്ധശ്രദ്ധയോടെ ഇരുന്നതേയുള്ളു. വിശ്വാസം, സ്നേഹം, വിനയം, വണക്കം, അനുസരണ ഇത്യാദി ഗുണങ്ങൾക്കു ഈ തിരുക്കുടുംബം സാക്ഷാൽ നമുക്കൊരു ഉത്തമ മാതൃകയാണ്. നാമോരോരുത്തരും ഏപ്രകാരമാണ് പ്രവൎത്തിക്കേണ്ടതു് എന്ന് ഈ കുടുംബം നമ്മെ ദൃഷ്ടാന്തരൂപേണ പഠിപ്പിച്ചിരിക്കുന്നു.

എല്ലാ സംഗതികളിലും, തിരുക്കുടുംബത്തെ അനുകരിച്ചു പ്രവൎത്തിക്കുന്നതിന്നു സുസാധ്യമല്ലെങ്കിലും യഥാശക്തി ചെയ്യുന്നതിന്നു എല്ലാവരും ശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചില കുടുംബങ്ങളുടെ താല്ക്കാലികാവസ്ഥയെപ്പററി ഓൎക്കുമ്പോൾ എങ്ങിനെയാണ് പരിതപിക്കാതിരിക്കുക? ഭാൎയ്യാഭൎത്താക്കന്മാൎതമ്മിൽ വിശ്വാസമാകട്ടെ, സ്നേഹമാകട്ടെ ഇല്ല. മക്കൾക്കു കാരണവന്മാരുടെ നേരെ ബഹുമാനമില്ല, സ്നേഹമില്ല, കാരണവന്മാർ വേണ്ടവിധം മക്കളെ രക്ഷിക്കുന്നില്ല. ചില കുടുംബങ്ങളിൽ വേദസംബന്ധമായി യാതൊന്നും തന്നെ ചെയ്യുന്നില്ല. ദൈവസ്മരണയേയും, ദൈവസ്നേഹത്തേയും നിലനിറുത്തുന്നതിന്നു അവശ്യം വേണ്ടതായ പ്രാൎത്ഥന, കൊന്തനമസ്കാരം, കുമ്പസാരം, കുബ്ബാന, ആദിയായ പുണ്യകൎമ്മങ്ങളിൽ ഒന്നുപോലും ഇല്ലെന്നായിരിക്കുന്നു. ഇങ്ങനെയുള്ള കുടുംബങ്ങളിലെ അംഗങ്ങളുടെ മനസ്സ്, വചനം, പ്രവൃത്തി ഇത്യാദികൾ എങ്ങിനെ നന്നാകും? കുടുംബവാസികൾ ദുഷ്ടന്മാരും, കൃത്യബോധമില്ലാത്തവരും ആയിത്തീൎന്നാൽ ഗ്രാമം അല്ലെങ്കിൽ പട്ടണം എങ്ങിനെയുള്ളതായിരിക്കും? ഇപ്രകാരം രാജ്യവും, രാജ്യഭരണവും, ദുഷ്ടന്മാരുടെ അധീനത്തിലാവുകയും ചെയ്യും; ഇതിൽനിന്നും ഉണ്ടാകുന്നതും, ഉണ്ടാകാവുന്നതുമായ ദുഷ്ഫലങ്ങൾ എത്രമാത്രമെന്നു വൎണ്ണിക്കുന്നതിനെക്കാൾ ഊഹിക്കുകയാണ് ഉത്തമം. സ്സോദോം ആമ്മോറാ എന്ന നഗരങ്ങളെ

എങ്ങിനെ ദൈവം ഭസ്മമാക്കിയെന്ന് നോക്കുക. ഈദൃശ നാശങ്ങൾ ഉണ്ടാകാതിരിക്കണമെങ്കിൽ കുടുംബ ഭരണം ശരിയായി നടത്തേണ്ടിയിരിക്കുന്നു.

മഹത്തായതും, അവശ്യം വേണ്ടതുമായ ഈ പ്രവൃത്തി പ്രയാസമായി കാണുന്നവർ പരിശുദ്ധ മറിയത്തിന്റെയും വി. യൌസേപ്പിന്റെയും മ്ശിഹായുടെയും മാദ്ധ്യസ്ഥം അപേക്ഷിക്കയും, തിരുക്കുടുംബത്തെ മാതൃകയായി സ്വീകരിക്കയും ചെയ്യേണ്ടതാണ്. ഈശോ, മറിയം, യൌസേപ്പ്, എന്നീ പുണ്യനാമങ്ങൾ ഉച്ചരിച്ചുകൊണ്ടു സദാ പ്രാർത്ഥിക്കണം. അതിനാൽ തിരുക്കുടുംബഭക്തി വിശ്വാസികളുടെ ഇടയിൽ പൂർവ്വാധികം പ്രചരിക്കുന്നതിന്ന് കർത്താവിന്റെ തിരുഹൃദയത്തോടു നമുക്കു പ്രാർത്ഥിക്കാം.

## മാന്നാനത്തെ മാർ യൌസേപ്പുപിതാവു്.



"യൌസേപ്പിന്റെ പക്കൽ പോകുവിൻ"

സൃഷ്ടി. അ. ൪൧. വ. ൫൫.

മെസ്രേൻദേശത്തിലെ ക്ഷാമ നിവാരണത്തിന്നായി ഫറവോൻരാജാവ് പൂർവ്വയൌസേപ്പിനെ സ്വഗൃഹ നായകനാക്കിയതുപോലെ തിരുസഭ കത്തോലിക്കാ ലോകത്തിന്റെ സർവ്വസാമാന്യ മദ്ധ്യസ്ഥനായിട്ട് മാർ യൌസേപ്പു പിതാവിനെയാണല്ലൊ നിശ്ചയിച്ചിരിക്കുന്നതു്. ലൌകികവും ആത്മികവുമായ സംഗതികളിൽ ഒന്നുപോലെ നമ്മെ സഹായിക്കുന്നതിന്നു മ്ശിഹായുടെ വളർത്തു പിതാവായ വി. യൌസേപ്പിന്ന് ശക്തിയുള്ളതിനാൽ ഈ പുണ്യപിതാവിന്റെ പക്കൽ നാം അഭയം പ്രാപിക്കേണ്ടതാണ്. പൊമ്പെ മാതാവ്, ലൂർദ് മാതാവ് എന്നെല്ലാം നാം പറഞ്ഞുവരുന്നുണ്ടല്ലൊ. അതിന്റെ കാരണം മേല്പറഞ്ഞ സ്ഥലങ്ങളിൽവച്ച് പരിശുദ്ധ കന്യക, പ്രത്യേക അനുഗ്രഹങ്ങൾ മനുഷ്യർക്കു നൽകുകയും അതിന്നനുസരണമായി ജനങ്ങൾ പ്രവർത്തിക്കയും ചെയ്തു വരുന്നതാണു.

ഇങ്ങനെ തന്നെ മാന്നാനം ആശ്രമ ദേവാലയത്തിന്റെ മദ്ധ്യസ്ഥനായ മാർ യൌസേപ്പു പിതാവ് ഈ സ്ഥലത്തുവച്ച് തന്നോടു പ്രാർത്ഥിക്കുന്നവർക്കു ചില പ്രത്യേകഅനുഗ്രഹങ്ങൾ ദിനംപ്രതി എന്നപോലെ ചെയ്തുകൊണ്ടാണ് വരുന്നതു്. മനോഗുണവിവരണം രേഖപ്പെടുത്തുന്ന സമ്പ്രദായം സാധാരണമായി നമ്മുടെ ഇടയിൽ നടപ്പില്ലാത്തതുകൊണ്ട് ഇവയെപ്പറ്റി അധികമാരുംതന്നെ കേട്ടിരിക്കാനിടയില്ല. കർമ്മലസഭയെ നവീകരിക്കുന്നതിന്ന് ബദ്ധശ്രദ്ധയായിരുന്ന വി. ത്രേസ്യാ അമ്മ, വിശുദ്ധ യൌസേപ്പു പിതാവ് ചെയ്ത വിസ്മയനീയങ്ങളായ അനുഗ്രഹങ്ങളെപ്പറ്റി തെളിവായി പ്രസ്താവിച്ചിട്ടുണ്ട്. മലയാളത്തിലെ കർമ്മലീത്താസഭാ സ്ഥാപകന്മാരായ പൂർവ്വപിതാക്കന്മാർ വന്യ മൃഗങ്ങളുടെ വാസസ്ഥലമായ ഈ മാന്നാനം കുന്നിലേക്കു കാടുവെട്ടി കയറുകയും, ൧൮൩൧-ാം കാലം വി. യൌസേപ്പുപിതാവിന്റെ നാമത്തിൽ ആ

ശ്രമത്തിന്നു അടിസ്ഥാനകല്ലിടുകയും ചെയ്തു. അന്നുമുതൽ ഇതുവരെ നടന്നിട്ടുള്ള പലേ സംഭവങ്ങളും മാർ യൌസേപ്പു പിതാവിൻെറ പ്രത്യേക സഹായത്താലും അനുഗ്രഹത്താലും ആകുന്നു. ഇങ്ങനെയാണ് മാന്നാനം "മൊട്ടക്കുന്ന്" പലെ സ്ഥാപനങ്ങളാൽ അലങ്കരിക്കപ്പെട്ടതു്. ഇവിടെ സ്ഥാപിതമായിരിക്കുന്ന മാർ യൌസേപ്പു പിതാവിൻെറ സ്വരൂപത്തിൻ പക്കൽ പ്രാർത്ഥിക്കുന്നതിനായി പലേ ആളുകൾ വന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ രോഗികൾക്കു വി. യൌസേപ്പിനോടുള്ള മാദ്ധ്യസ്ഥാപേക്ഷ വളരെ ഫലപ്രദമായിക്കണ്ടിട്ടുണ്ട്. മാദ്ധ്യസ്ഥക്കുർബ്ബാനയും പലരും സാധാരണമായി ഇവിടെ ചൊല്ലിച്ചുവരുന്നു. മേലാൽ മാർ യൌസേപ്പു പിതാവിൻെറ മാദ്ധ്യസ്ഥം വഴി ലഭ്യമാകുന്ന അനുഗ്രഹങ്ങളുടെ സംക്ഷിപ്ത വിവരണം കർമ്മേലകുസുമത്തിൽ പ്രസിദ്ധപ്പെടുത്തണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ പ്രവൃത്തി മാർ യൌസേപ്പു പിതാവിനോടുള്ള ഭക്തിസ്നേഹങ്ങളുടെ വർദ്ധനയ്ക്കു ഹേതുഭൂതമായി തീരാതിരിക്കയില്ലെന്നാണ് ഞങ്ങളുടെ ആശംസ.

# വൃത്താന്ത ശകലങ്ങൾ.

കാണ്ടി പെയ്പൽ സെമിനാരിയിലെ 'പട്ടംകൊട' ഡിസമ്പർമാസം ൨൧-നു മംഗളമായി കഴിഞ്ഞുകൂടിയിരിക്കുന്നു. എർണാകുളം മിസ്സത്തിൽ നിന്നും ബ. പഞ്ഞിക്കാരൻ യൗസേപ്പച്ചനും കൊച്ചിമിസ്സത്തിൽ നിന്നും ബ. ഗോമസ്സച്ചനും, നവപുരോഹിതന്മാരുടെ കൂട്ടത്തിൽ പെട്ടവരാണ്. ഉന്നതപരീക്ഷാവിജയികളായ ഈ രണ്ടു യുവവൈദികരേയും അനുമോദിക്കുന്നതു കൂടാതെ, അവർക്കു ശോഭനമായ ഭാവിയെ ആശംസിക്കയും ചെയ്യുന്നു.

* * *

പുത്തൻപള്ളി സെമിനാരിയിൽനിന്നും ഇത്തവണ കുർബ്ബാനപ്പട്ടം സ്വീകരിച്ചു നവപൂജ അണച്ച എല്ലാ ബ. "കൊച്ചച്ച"ന്മാരേയും ഞങ്ങൾ ഹാർദ്ദവമായി അനുമോദിച്ചുകൊള്ളുന്നു. മ്ശിഹായുടെ തോട്ടത്തിൽ വേലചെയ്യുന്നതിനു നവംനവമായിപുരോഹിതന്മാരുണ്ടാകുന്നതു തിരുസ്സഭയ്ക്കു എത്രയൊ ഹർഷജനകമാണ്. സുറിയാനി മിസ്സങ്ങളിലെ നവപുരോഹിതന്മാരുടെ പേരുവിവരം താഴെ ചേർക്കുന്നു:—

ചങ്ങനാശേരി.

൧. ബ. മണ്ണൂരമ്പേരി തോമ്മാച്ചൻ.
൨. ബ. പുതിയേടത്തു മത്തായി അച്ചൻ.
൩. ഇല്ലത്തുപറമ്പിൽ യൌസേപ്പച്ചൻ.
൪. ബ. തൊട്ടിയിൽ തോമ്മാച്ചൻ.

എറണാകുളം.

൧. ബ. പാണാട്ടു തോമ്മാച്ചൻ.
൨. ബ. തളിയൻ സി. തോമ്മാച്ചൻ.
൩. ബ .തളിയൻ വി. തോമ്മാച്ചൻ.
൪. ബ. മാധവശ്ശേരി ളൂയീസച്ചൻ.

തൃശ്ശിവപേരൂർ.

൧. ബ. പാലയ്യൂർ അന്തോണി അച്ചൻ.
൨. ബ. ചിറയത്തു യൗസേപ്പച്ചൻ.

* * *

മംഗലപുരം സെൻറു അലോഷ്യസ്സ് കോളജിൽ ആകെ ൧൮൫ന്നു വിദ്യാർത്ഥികളുണ്ട്. കോളജ് ഡിപ്പാർട്ടുമെണ്ടിൽ ആകെ ൨൩൭ പേരാണുള്ളതു്. ഇക്കൂട്ടത്തിൽ മൂന്നു കേരളീയ കത്തോലിക്കാ വൈദികർ പഠിച്ചുവരുന്നു.

* * *

വേദപ്രചാരണാർത്ഥം ഇററലിയിൽ ഒരു പുതിയ സംഘം ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. പാർമ്മായിലെ മെത്രാനാണു അദ്ധ്യക്ഷൻ. ഇവരുടെ ഉദ്ദേശ്യം പൌരസ്ത്യരാജ്യങ്ങളിലെ വേദപ്രചാരണത്തെ പൂർവ്വാധികം ഊർജ്ജിതത്തിൽ വരുത്തണമെന്നുള്ളതാണ്.

ശ്രീമൂലം പ്രജാസഭയുടെ ൧൩-ാമത്തെ വാഷിക‌യോഗം അടുത്ത കുംഭം ൩-ാംനു-മുതൽ ആരംഭിക്കുന്നതാണ്.

* * *

വ. ദിവ്യശ്രീ മോൺസിഞ്ഞോർ സിറിയക്ക കണ്ടങ്കരി അവർകളുടെ സുഖക്കേട പൂണ്ണ‌മായി ശമിച്ചതായും കഴിഞ്ഞ ഡിസംബർ ൬-ാംനു-മുതൽ കുബ്ബാന ചൊല്ലിത്തുടങ്ങിയതായും അറിയുന്നതിൽ സന്തോഷിക്കുന്നു.

* * *

എർണാകുളത്തു വീഞ്ഞു വില്പനക്കാരായ വളവിക്കമ്പനിക്കാക്ക ൨൦ വീപ്പ വീഞ്ഞു താമസിയാതെ കിട്ടുമെന്നു അറിയുന്നു. വീഞ്ഞില്ലാതെ വിഷമിക്കുന്ന പള്ളിക്കാക്ക ഇതൊരനുഗ്രഹമായിരിക്കും.

* * *

ബൊമ്പെക്കത്തോലിക്കരുടെ കൂട്ടത്തിൽ ആകെ ൨൧ സമാധാന ജഡ്ജിമാരും (Justiecs of the peace) ഒരു ജുഡീഷൽ കമ്മീഷണരും, ഒരു അഡീഷനൽ സെഷൻസ് ജഡ്ജിയും, ഒരു ഡെപ്യൂട്ടി അക്കൗണ്ടൻറു ജനറലും ഒരു പ്രസിഡൻസി മജിസ്ത്രേട്ടും ആറു സക്കാർ വക്കീലന്മാരും ഇരുപതു ഹൈക്കോർട്ടു വക്കീലന്മാരും, പതിനഞ്ചു ഐ. എം. എസ്. ഡാക്ടർന്മാരും, രണ്ടു നിയമനിമ്മാണ സാമാജികന്മാരും ഉള്ളതായി കാണുന്നു.

* * *

തിരുസഭയെ സംബന്ധിച്ചെടത്തോളം യുദ്ധത്തിൻെറ പയ്യവസാനമെങ്ങനെയാണെന്നു അറിയുന്നതിനായി പലരും ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചിരിക്കയാണല്ലൊ. യൂറോപ്പിലെ കത്തോലിക്കാവിദഗ്ദ്ധന്മാരുടെ അഭിപ്രായം നമുക്കുഭയത്തിനുയാതൊരുന്യായവുമില്ലെന്നാണ്. മാത്രമല്ല, സന്തോഷത്തിനേ അവകാശമുള്ളുയെന്നും അവർ പറയുന്നു.

* * *

റോമായിൽ ഈയിടെ ഒരു കോൺസിസ്റ്ററി (കർദിനാളന്മാരുടെ) സംഘം കൂടുവാനിടയുള്ളതായി പത്രങ്ങളിൽ കാണുന്നു. ഈ ദ്ദശയോഗങ്ങളിൽ പതിവുള്ള മാപ്പാപ്പായുടെ പ്രസംഗത്തിൽ യുദ്ധാനന്തര സ്ഥിതിയെപ്പററി മഹത്തരങ്ങളായ വിമശ‌നങ്ങളുണ്ടാവാനിടയുണ്ട്. ഇന്ത്യായുടെ ദലഗാദപ്പസ്തോലിക്കാ ആയിരുന്ന അത്യുന്നത സലേസ്തി അവർകൾ തുടങ്ങി ചില മഹാന്മാക്ക തദവസരത്തിൽ കർദിനാൾ സ്ഥാനം ലഭിക്കുമെന്നു വത്തിക്കാനിൽനിന്നു ബലമായ ശ്രുതിയുണ്ട്.

* * *

കാണ്ടി സെമ്നാരി റെക്ടർ വ. ദിവ്യശ്രീ ഫാദർ ലേയോണാർഡ് വോസ്സൻ എസ്. ജെ. അവർകൾ ഡിസമ്പർ മാസം ഒടുവിൽ മയിലാപ്പൂരിലെ വൈദികരുടെ "ധ്യാനം" നടത്തിയിരിക്കുന്നു. അത്യുന്നത ദലഗാദപ്പസ്തോലിക്കാ ആയ ഏറ്റവും മസോണി ബിയോണ്ടി തിരുമേനിയും ധ്യാനകമ്മങ്ങളിൽ സംബന്ധിക്കയുണ്ടായി. ഫാദർ വോസ്സൻ അവർകൾ, ഈ അവസരത്തിൽ കേരളവും സന്ദശിക്കുന്നതായിരിക്കും.

* * *

പ്രഷ്യയുടെ അധഃപതനംമൂലം ലൂതറൻ വിശ്വാസത്തിനു പരാജയം നേരിടാതിരിക്കില്ല. ബാൽക്കാൻ രാജ്യങ്ങളിൽ ഒരു പുതിയമിഷ്യൻ-പാഥ തുറക്കപ്പെട്ടിരിക്കുന്നു. റഷ്യയിൽ തിരുസഭയുടെ ഭാവി ഏത്രയും ആശാസ്യമായിട്ടുള്ളതാണെന്നു പ്രതിദിനമെന്നപോലെലക്ഷ്യങ്ങളുണ്ടായിക്കൊണ്ടാണിരിക്കുന്നത്. ബൾഗേറിയാ ഒരു ദൈവിക കൊയിത്തുകാരൻെറ ആഗമനത്തെ അക്ഷമതയോടെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. മോണ്ടനീഗ്രോ എന്നും തിരുസ്സഭയോടു അനുകൂല്യ ഭാവത്തോടെ ആണല്ലൊ വത്തിച്ചിട്ടുള്ളത്. സേർവ്യാ പരിശുദ്ധ സിംഹാസനവുമായി ചെയ്ത കൊങ്കർഡറുഉടമ്പടി, പ്രവൃത്തിയിൽ വരുത്തുന്നതിനു അവസരം നോക്കി ഇരിക്കയായിരുന്നു. ഇതര രാജ്യങ്ങളെ അപേക്ഷിച്ചു, ഗ്രീസിൻെറയും റുമാനിയായുടെയും അനുകൂല്യം ഗണ്യമായതല്ലെങ്കിലും അവരും വിരോധികളല്ല. തുക്കിയുടെ കാളായസഭുജങ്ങളിൽനിന്നുള്ള ഓർശ്ലേമിൻെറ വിമോചനം; ക്രിസ്ത്യലോകത്തിനു നിസ്സീമമായ ഒരു ലാഭം തന്നെ. പ്രാൻസ് സൽപന്ഥാവിലേയ്ക്കു തിരിഞ്ഞുവരുന്നുണ്ട്. പോത്തുഗാളിലെ പ്രസിഡൻറ് ഹതനായി എന്നു കമ്പിവത്തമാനങ്ങളിൽ കാണുന്നുണ്ടെങ്കിലും, മതവിരോധികളുടെ ശ

ക്തി അവിടെയും കുറഞ്ഞുതന്നെയാണ് വരുന്നത്. ഈ ഘട്ടത്തിൽ കത്തോലിക്കാ രാജ്യങ്ങളും മതവിശ്വാസത്തിൽ പൂൎവ്വാധികം പ്രബലീഭവിച്ചുവരുന്നു. ഇററലിയിലെ വിശ്വാസതരു, ബെനദിക്തോസ് മാൎപ്പാപ്പായുടെ വിസ്മയാവഹമായ നയനൈപുണിയാൽ അത്ഭുതപൂൎവ്വമാംവണ്ണം തഴച്ചുവളരുന്നുണ്ട്. കത്തോലിക്കാ പോളണ്ടിന്റെ സ്വാതന്ത്ര്യപ്രഖ്യാപനവും നമുക്ക ചാരിതാൎത്ഥ്യജനകമാണല്ലൊ.

## ചരമവാൎത്തകൾ.

കണ്ണാടിഉറുമ്പ് കന്യകാമഠത്തിലെ ഒരംഗമായ സിസ്റ്റർ സ്രഫീനാ എന്ന കന്യാസ്ത്രീ ഇക്കഴിഞ്ഞ വൃശ്ചികം ൧൦-ാം നു- അന്തിമക്രിയാശകളൊക്കെയും കൈക്കൊണ്ട് ൧൯-ാമത്തെ വയസ്സിൽ പരലോക പ്രാപ്തയായിരിക്കുന്നു. പിറെറന്ന് പാലാ വലിയ പള്ളിയിലെ ബഹുമാനപ്പെട്ട വൈദികരുടെയും, പൂഞ്ഞാർ, ഭരണങ്ങാനം, മുത്തോലി, വാഴയിൽ എന്നീ മഠങ്ങളിലെ കന്യകകളുടെയും സാന്നിദ്ധ്യത്തോടുകൂടി പ്രസ്തുത പള്ളിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടുകയുണ്ടായി.

തിരുവനന്തപുരം രാജകീയ ഗറൽസ് കാളേജിൽ സിനിയർ ഇൻറർമീഡിയററ് ക്ലാസിലെ ഒരു വിദ്യാൎത്ഥിനിയും, പ്രസ്തുത കാളേജിലെ ഒരു അദ്ധ്യാപികയായിരിക്കുന്ന മിസ്സ് ത്രേസ്യാജോസഫ് ബി. ഏ. എൽ. ററി. യുടെ ജ്യേഷ്ഠസഹോദരീപുത്രിയും, കൈനകരി കളപ്പുരക്കൽ എന്ന പ്രസിദ്ധ കുടുംബത്തിലെ ഒരംഗവുമായ മിസ്സ് സെസിലി തോമ്മസ്, വൃശ്ചികം ൨൪-ാംനു- പതിനെട്ടാമത്തെ വയസ്സിൽ തൈക്കാട്ട ആസ്പത്രിയിൽവച്ച് പരലോകപ്രാപ്തയായിരിക്കുന്നു.

ശ്രുതിപെട്ട അഷ്ടവൈദ്യന്മാരിൽ ഒരുവനായ മുട്ടചിറ ഇടവക ഏറവുമാന്ത്രക്കാരൻ തുരുത്തിപ്പള്ളി യൌസേപ്പ വക്കീ അവർകൾ തന്റെ ൭൯-ാമത്തെ വയസ്സിൽ സുബോധത്തോടെ അന്ത്യക്രിയാശകൾ കൈക്കൊണ്ട കഴിഞ്ഞ നവംബർ ൨൭-ാംനു- ചരമഗതിയെ പ്രാപിച്ചിരിക്കുന്നു.

ഇവരുടെ നിത്യസമാധാനത്തിനായി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

---

# പഞ്ചാംഗം.

## ൧൯൧൯ ജനുവരി, ൧൦൯൪ ധനു-മകരം.

1 17 ബു ☸ ✠ ന. ക. ഛേദനാചാരം. ന. ക. പെ. ര.വ.
☞ ചേപ്പുങ്കൽ, കോസനല്ലൂർ, വടയാർ, അമ്പഴക്കാട്ട കൊവേന്ത, കമ്മല കൊവേന്ത, പുന്നത്തുറ, രാമപുരം, കോതമംഗലം, എടമററം ഈ സ്ഥലങ്ങളിൽ പ്രധാന തിരുനാളുകൾ.
ചങ്ങ. മിസ്സ. ദിവ്യകാരുണ്യ പ്രസിദ്ധ സ്ഥാപനം, ഒരുമണി ആരാധന, തിരുനാൾദിവസപ്രാൎത്ഥന, പ്രതിഷ്ഠാജപം, ദിവ്യകാരുണ്യ വാഴ്വ്, ആഘോഷ പാട്ടുകുൎബ്ബാന.

2 18 വ്യാ വി. എസ്സു. ൧൧ട്ടാ. ന. ആ. ക. പെ. ച്ച.

3 19 വെ വി. യോഹ. എട്ടാ. ന. ആ. ക. പെ. .൨൨ വെ.
☞ ചെമ്പിൽ വി. സെബസ്ത്യാനോസ് തിരുനാൾ.

4 20 ശ വി. കത്തിരെപത. എട്ട. ന. ആ. ക. പെ. നാ.

| | | | | |
|---|---|---|---|---|
| 5 | 21 | ഞാ | ✠ ദനഹാ. ത. ന. ആ. ക. ത. [illegible] | വെ. |
| 6 | 22 | തി | ✠ ദനഹാ. ന. ക പെ. | വെ. |
| | | | ☞ പാലാ, പുളിങ്കുന്നു, എഴുപുന്ന, മുട്ടുചിറ, മണിമല, മൂവാറ്റുപുഴ ഇൗ സ്ഥലങ്ങളിൽ രാക്കുളിത്തിരുനാൾ. (പാട്ടുകു. മുതലായ വേദപ്രചാര ധർമ്മപ്പിരിവു്. (മുൻപറഞ്ഞ ആഘോഷങ്ങൾ) | |
| 7 | 23 | ചൊ | ദനഹാ. എം. ന. ആ. കു. പെ. | വെ. |
| 8 | 24 | ബു | ദനഹാ. എം. ന. ആ. കു. പെ. | വെ. |
| 9 | 25 | വ്യാ | ദനഹാ. എം. ന. ആ. ക. പെ. | വെ. |
| 10 | 26 | വെ | ദനഹാ. എം. ന. ആ. ക. പെ. | വെ. |
| 11 | 27 | ശ | ദനഹാ. എം. ന. ആ. കു. പെ, | വെ. |
| 12 | 28 | ഞാ | ✠ ദന. ൧-ാം ഇട. ഞാ. ന. ക. ആ. [illegible] | വെ. |
| 13 | 29 | തി | ദനഹാ. എട്ടാ. ന. കു. ആ. | വെ. |
| 14 | 1 | ചൊ | വി. അ. മൌ. ഹില്ലാ. ന. ആ. ക. പെ. | വെ. |
| 15 | 2 | ബു | വി. വന. മൌ. പൌലോ. ന. ആ. കു. പെ. | വെ. |
| 16 | 3 | വ്യാ | ⊕ വി. പാ. വേ. മർസ. ന. ആ. കു. പെ. | ച്വ. |
| | | | ☞ കടനാട്ടു് വി. സെബസ്ത്യാനോസ് തിരുനാൾ. | |
| 17 | 4 | വെ | വി. വ. മൌ. അന്തോ. ന. ആ. കു. പെ. | വെ. |
| 18 | 5 | ശ | വി. പത്രോ. റോമ്മാ സിംഹാ. ന. ആ. ക. പെ. | വെ. |
| 19 | 6 | ഞാ | ✠ ദന. ൨-ാംഞാ. († ന. ക. തി.നാമം *[illegible]) [illegible] | വെ. |
| 20 | 7 | തി | വി. വേ. പവിയാ. സെബസ്ത്യാ. ന. ആ. കു. പെ. | ച്വ. |
| | | | ☞ അറത്തുങ്കൽ, കള്ളിക്കാട്ടു് (അഴീക്കൽ), ചിറക്കടവു്, കുറവലങ്ങാട്ടു്, ചങ്ങനാശേരി ഇൗ സ്ഥലങ്ങളിൽ വി. സെബസ്ത്യാനോസ് തിരുനാൾ. | |
| 21 | 8 | ചൊ | വി. ക. വേ. അഗ. ന. ആ. കു. പെ. | ച്വ. |
| 22 | 9 | ബു | വി. വേ. വിന. ക്രു. ന. ആ. കു. പെ. | ച്വ. |
| 23 | 10 | വ്യാ | † ക. മറി. വിവാ. ന. ആ. ക. പെ. | വെ. |
| 24 | 11 | വെ | വി. അ. വേ. തീമാ. ന. ആ. കു. പെ. | ച്വ. |
| 25 | 12 | ശ | വി. പൌലോ. മന. തിരി. ന. ആ. കു. പെ. | വെ. |
| | | | ☞ അതിരമ്പുഴ, വെല്ലൂർപള്ളി വി. സെബസ്ത്യാനോസ് തിരുനാൾ. | |
| 26 | 13 | ഞാ | ✠ ദന. ൩-ാംഞാ. († തി. കട്ടം. [illegible]) [illegible] | വെ. |
| 27 | 14 | തി | വി. അ. മ. യോഹ. ക്രിസോ. ന. ആ. കു. പെ. | വെ. |
| 28 | 15 | ചൊ | വി. ക. വേ. എമ. (ഇൗ. വ൪) ന. ആ. കു. പെ. | ച്വ. |
| | | | ☞ മുട്ടത്തുപള്ളിയിൽ മാതാവിന്റെ ദർശനതിരുനാൾ. | |
| 29 | 16 | ബു | † വി. അ. മൌ. പ്രംസി. സ. ന. ആ. കു. പെ. | വെ. |
| 30 | 17 | വ്യാ | † വി. ക. വേ. മത്ഥി. ന. ആ. കു. പെ. | ച്വ. |
| 31 | 18 | വെ | ● † വി. മൌ. പത്രോ. നൊ. ന. ആ. കു. പെ. | വെ. |

✠ ഇൗ അടയാളം എല്ലാവൎക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേൎക്കപ്പെട്ട തിരുനാളുകൾ.

---

സൂചനം:— ഓരോ ഇടവകയിലെയും പ്രധാന തിരുനാൾ വിവരം അതാതു മാസത്തിൽ പ്രസിദ്ധം ചെയ്യുന്നതിനു ഞങ്ങൾക്കു് ആഗ്രഹമുള്ളതിനാൽ അധികാരികൾ പട്ടിക ഇവിടെ സദയം അയച്ചുതരുമെന്നു വിശ്വസിക്കുന്നു. ക. കു. വ.

Printed and Published for the Proprietor, by A. P. Mani
at St. Joseph's Press, Mannanam, 1918.

# കർമ്മല കുസുമം.

കത്തോലിക്കാ സുറിയാനിക്രിസ്ത്യാനികളുടെ
വകയായി തിരുവിതാംകൂറിലുള്ള മാസികകളിൽ ഏററവും പഴക്കമുള്ളവ.

## മാസികാവരിസംഖ്യാവിവരം.

ആണ്ടടക്കം മുൻകൂറ ബ്രി. രൂപാ ഒന്നുമാത്രം.

# വിജ്ഞാപനം.

൧. മാസികയുടെ പൂർവ്വാധികമായ പ്രചാരണത്തിനു വേണ്ട ഒത്താശകളെല്ലാം ചെയ്യുന്നതിനു എല്ലാ പ്രധാനസ്ഥലങ്ങളിലും ഏജണ്ടന്മാരെ ആവശ്യമുണ്ട്. അവക്കു ന്യായമായ പ്രതിഫലം കൊടുക്കപ്പെടുന്നതുമാണ്.

൨. കുസുമമിത്രങ്ങളുടെ മരണവൃത്താന്തവും പരിശുദ്ധ കന്യകമറിയത്തിൻെറ മാദ്ധ്യസ്ഥം വഴിയായി ലഭിക്കുന്ന മനോഗുണവിവരണവും സൗജന്യമായി ചേക്കുന്നതിനു ഞങ്ങൾ തയ്യാറുണ്ട്.

൩. ൫ വരിക്കാരെ ചേത്തു സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏററുവാങ്ങി പത്രവരിപിരിച്ചു മുൻകൂറു അടയ്ക്കുന്നവക്കു മുൻപതിവുപോലെ ഒരു പത്രം പാരിതോഷികമായി കൊടുക്കപ്പെടും.

൪. കുസുമവരിക്കാരാകാനാഗ്രഹിക്കുന്നവർ മുൻകൂറു പണമടച്ചപേക്ഷിക്കയോ, വി. പി. ആയി അയപ്പാനാവശ്യപ്പെടുകയോ ചെയ്യേണ്ടതാകുന്നു.

൫. കുസുമത്തിൽ പ്രസിദ്ധം ചെയ്യുവാനുള്ള ലേഖനങ്ങൾ, കത്തോലിക്കാ വത്തമാനങ്ങൾ, മിഷ്യൻ വാത്തകൾ, മനോഗുണവിവരണങ്ങൾ, ചരമക്കുറിപ്പുകൾ ഇത്യാദികളെല്ലാം തലേമാസം ൨൦-ാംനുക്കകം പത്രാധിപക്കു കിട്ടേണ്ടതാണ്.

൬. പ്രത്യേക നിരക്കിന്മേൽ കുസുമത്തിൽ പരസ്യങ്ങൾ ചേക്കുന്നതിനും നിശ്ചയിച്ചിരിക്കുന്നു.

എന്നു മാനേജർ.

# പരസ്യം.

## "എൻെറ അമ്മേ, എൻെറ ആശ്രയമേ."

(൨൦൦ ദി. ദ. വി.,) ൧൫-ാം ബനദിക്തൊസ് മാർപ്പാപ്പാ,
൧൯൧൫ സെപ്റ്റംബർ ൧൬.

ഏററവും ഫലസിദ്ധിയുള്ള പ്രസ്തുത ദണ്ഡവിമോചനജപം '൮ × ൫' ഇഞ്ചു വലിപ്പത്തിൽ, ചുററും ബോർഡും, പരിശുദ്ധ കന്യകാ... ടവും വച്ചു, നമ്മുടെ വൈദികമേലദ്ധ്യക്ഷൻെറ അനുമ... കൂടിയും മനോഹരമായി അച്ചടിച്ചിട്ടുള്ളതാണ്. ആവശ്യക്കാക്കു,

| | | AS. | P. | | | AS. | P. |
|---|---|---|---|---|---|---|---|
| സാധാരണ അടിപ്പു | ൧൦൦-ക്കു | ൪ | ,, | വിശേഷതരം | ൧൦൦-ക്കു | ൮ | ,, |
| ടി | ൫൦-ക്കു | ൨ | ,, | ടി | ൫൦-ക്കു | ൪ | ,, |
| ടി | ൨൫-ക്കു | ൧ | ൬ | ടി | ൨൫-ക്കു | ൨ | ,, |
| ടി | ൧൦-ക്കു | ,, | ൯ | ടി | ൧൦-ക്കു | ൧ | ൬ |

കർമ്മലകുസുമം മാനേജർ,
മാന്നാനം.